KNANAYADEEPAM

# ക്നാനായദീപം

SINCE 1989

Vol: 30 / Issue: 12 December 2019 ₹ :10/-



# 4 – ാം ചരമവാർഷികം

29 – 12 – 2019



# കെ. യു. തോമസ്

(കുളങ്ങര സാർ)

കുളങ്ങര, ചിങ്ങവനം

**Conso Group Chingavanam**

Advt - O

# ക്നാനായ ദീപം

SINCE 1989

2019 ഡിസംബർ  പുസ്തകം 30  ലക്കം 12

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

ദൈവവചനം ഒരിക്കലും പരാജയപ്പെടുകയില്ല 07
പ്രൊഫ. പി. കെ. സ്കറിയ

തകിടിയിൽ യാക്കോബു കശ്ശീശായുടെ 50-ാം ചരമവാർഷികം 10
അനീഷ് റ്റി. സി. തകിടിയിൽ

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജെയിംസ് തോടത്തിൽ

താളം തെറ്റുന്ന യുവത്വം 18
ഡോ. സുനിൽ ഡി. കുരുവിള

പ്രസംഗദീപം 20
ഫാ. റോയി മാത്യൂസ് കോറെപ്പിസ്ക്കോപ്പ

മനുഷ്യപുത്രനായ യേശു 22
ഫാ. മോനായി കെ. ഫിലിപ്പ് കർക്കടകംപള്ളി

മലർവാടിക്കൂട്ടം 26

കാൽപ്പാടുകൾ 39
എബി

ആത്മാവിന്റെ രക്ഷ ഉറപ്പാക്കാം 40
റ്റി. കെ. തോമസ്

ഈ യാത്ര ഇനി അല്പദൂരം മാത്രം 42
അമ്മാൾ രാജൻ

വി. കുമ്പസാരം വേദപുസ്തക വെളിച്ചത്തിൽ 42
ഷെവ. കെ. വി. ജോർജ്ജ്

മാട്രിമോണിയൽ 44


ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക



**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**


**Visit www.knanayadeepam.com**

# editorial



## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. യേശു ജനിച്ചു, അവിതർക്കിതമായ കാര്യമാണത്. യേശു ജനിപ്പിക്കപ്പെട്ടവനല്ല. അവൻ ജനിച്ചവനാണ്. അവൻ ദൈവമനുഷ്യനായി വെളിപ്പെട്ടവനാണ്. ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിക്കുന്നതുകൊണ്ട് അവന് യേശു എന്ന് പേർ വിളിക്കപ്പെട്ടു. റോമാ സാമ്രാജ്യം ഭരിച്ചിരുന്ന ഔഗുസ്തോസ് കൈസരുടെ ജനസംഖ്യാ ലിസ്റ്റിൽ പേരെഴുതുന്നതിനായി യോസഫും മറിയാമും ഗലീലിയായിലെ നസ്രത്തിൽ നിന്ന് ഏകദേശം 70 മൈൽ യാത്ര ചെയ്തു യഹൂദ്യയിൽ ബേത്ലഹേം എന്ന പട്ടണത്തിൽ വന്നു. അവിടെവച്ച് മറിയം യേശുവിനെ പ്രസവിക്കയും വഴിയമ്പലത്തിൽ സ്ഥലമില്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തുകയും ചെയ്തു. ഒന്നാം മനുഷ്യനായ ആദാമിനോട് ദൈവം കല്പിച്ചപ്രകാരം സ്ത്രീയുടെ സന്തതിയായി (ഉല്പ. 3:15, ഗലാ. 4:4) തന്റെ ജനനത്തിന് 700 വർഷം മുമ്പ് പ്രവാചകന്മാർ പറഞ്ഞിരുന്നതുപോലെ ബേത്ലഹേമിൽ (മീഖാ.5:2) ഒരു കന്യകയിൽ (യെശ.7:14) യേശു ജനിച്ചു. പാശ്ചാത്യ ലോകത്തിനും പൗരസ്ത്യ ലോകത്തിനും മദ്ധ്യേയുള്ള യേശുവിന്റെ ജനനം ലോകചരിത്രത്തിലെ സുപ്രധാന സംഭവമാണ്. ചരിത്രപുരുഷനായ ക്രിസ്തുവിന്റെ ജനനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വരാജ്യങ്ങളും കാലനിർണ്ണയ കലണ്ടറുകൾ നിശ്ചയിച്ചിരിക്കുന്നു. ഇന്ന് ക്രിസ്തുമസ് ഒരു ആഘോഷമായി തീർന്നിരിക്കുന്നു. യഥാർത്ഥ ക്രിസ്തുമസ് നമ്മിൽ ക്രിസ്തു ഉരുവാകുന്നതാണ്. 1983 ൽ അലക്സാണ്ടർ പോപ്പ് തന്റെ ലേഖനത്തിൽ എഴുതിയിരിക്കുന്നത് “100 മശിഹാമാർ 100 ബേത്ലഹേമിൽ 100 പ്രാവശ്യം ജനിച്ചുകൊള്ളട്ടെ. അവിടുന്ന് എന്നിൽ ജനിക്കുന്നില്ല എങ്കിൽ അതുകൊണ്ട് എന്തുഫലം.” ക്രിസ്തുമസ് ആചരിക്കുകയല്ല അനുഭവത്തിൽ ആക്കണം.

ക്രിസ്തു എന്നിൽ ജനിക്കണം. എന്നിൽ ജീവിക്കണം. ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം ഞാൻ പിന്നെയും പ്രസവ വേദനപ്പെടുന്നു എന്നാണ് പൗലോസ് പ്രഖ്യാപിക്കുന്നത് (ഗലാ.4:19). യേശുക്രിസ്തു നിങ്ങളിൽ ജനിച്ചു എങ്കിൽ അവൻ വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതാണ് (എഫേ.3:17). കർത്താവായ യേശുക്രിസ്തു നമ്മുടെ ഉള്ളിൽ ജനിച്ച് വിശ്വാസത്താൽ നമ്മിൽ വാഴുന്ന അനുഭവമാണ് ക്രിസ്തുമസ്. അങ്ങനെ ഉള്ളവർക്ക് എന്നും ഉത്സവമാണ്.

ക്രിസ്തു ജനിച്ചപ്പോൾ സ്വർഗ്ഗീയ സൈന്യം അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്ക് സമാധാനം എന്നുപാടി. എന്നാൽ ഇന്ന് ക്രിസ്തുമസ് അത്യുന്നതങ്ങളിൽ വെടിയും പുകയും ഭൂമിയിൽ പലർക്കും ലഹരിയുമായി തീർന്നില്ലേ.

യേശുക്രിസ്തു മനുഷ്യവർഗ്ഗത്തിനു ദൈവത്തെ കാട്ടികൊടുക്കുവാൻ വെളിപ്പെടുത്തപ്പെട്ട ദിവ്യ നക്ഷത്രമാണ്. “യാക്കോബിൽ നിന്നും ഒരു നക്ഷത്രം ഉദിക്കും” (സംഖ്യ.24 :17) എന്ന് പറഞ്ഞിരിക്കുന്നത് ക്രിസ്തുവിനേക്കുറിച്ചാണ്.

യേശുക്രിസ്തു ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയനക്ഷത്രമാകുന്നു (വെളി.22:16)

നക്ഷത്രവിളക്കുകൾ കള്ളുഷാപ്പിന്റെ മുമ്പിലും തൂക്കിയിടുകയും വഴിതെറ്റിയ നമ്മുടെ ക്രിസ്ത്യാനികളായ ചിലർ അവിടെ ചെന്ന് നിക്ഷേപ പാത്രങ്ങൾ തുറക്കുകയും വേറെ വഴിയായി സഞ്ചരിക്കുകയും ചെയ്യുന്നില്ലേ. ഇതാണോ ക്രിസ്തുമസ്? ക്രിസ്തുവിനെ നമ്മുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിക്കാം. യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരുടെ സംഘമായ സഭയിൽ ദൈവത്താൽ നിയമിക്കപ്പെട്ട ശുശ്രൂഷക്കാർ ഓരോരുത്തരും യേശുവിന്റെ കരങ്ങളിലെ നക്ഷത്രങ്ങളാണ് (വെളി.1:20). എന്നാൽ ഒരിക്കലായി ഭരമേല്പിക്കപ്പെട്ട അതിവിശുദ്ധവിശ്വാസത്തെ (Orthodox faith) ആധാര മാക്കാതെ 34 ആധാരമാക്കി പള്ളി പിടിക്കുന്ന, ദൈവത്തെ അനുസരിക്കാത്ത മഹാപുരോഹിതന്മാരും ജനനേതാക്കളും സദാകാലത്തേക്കും അന്ധതമസ്സു സൂക്ഷിച്ചുവെച്ചിരിക്കുന്ന വക്രഗതിയുള്ള നക്ഷത്രങ്ങളാണ് (യൂദാ:13). ഇവരെ അനുഗമിക്കുന്നവർ നടുക്കടലിൽ കറങ്ങിയതുതന്നെ. മാന്യ സ്നേഹിത: താങ്കളുടെ സത്യാന്വേഷണ യാത്രയിൽ ലക്ഷ്യത്തിൽ എത്തിക്കുവാൻ പ്രാപ്തിയുള്ള ഉദയനക്ഷത്രം യേശുക്രിസ്തു ഇതാ ഉദിച്ചിരിക്കുന്നു. കാണാതെപോയതിനെ തിരഞ്ഞെടുപ്പാൻ വന്നവൻ നമ്മെ നോക്കുന്നു. നമുക്ക് സമൃദ്ധിയായ ജീവൻ പ്രദാനം ചെയ്യുവാനും പാപമോചനവും രക്ഷയും സൗജന്യമായി തരുവാനും കർത്താവ് ആഗ്രഹിക്കുന്നു. ദൈവരൂപത്തിലിരുന്നവൻ മനുഷ്യരൂപത്തിലായി. നമ്മുടെ ഹൃദയത്തിൽ, കുടുംബത്തിൽ, സഭയിൽ ഈ ക്രിസ്തുവിന് സ്ഥാനം കൊടുക്കാം. ക്നാനായദീപത്തിന്റെ എല്ലാ ബന്ധുക്കൾക്കും ഞങ്ങൾ ഹൃദയപൂർവ്വം ക്രിസ്തുമസ് മംഗളം ആശംസിക്കുന്നു.

### 2020 – ലെ പുതുവത്സരാശംസ

ലോകം ഇതുവരെയും ദർശിച്ചിട്ടില്ലാത്ത ഏറ്റവും കൊടിയ ഒരു കാലത്തു നാം എത്തിച്ചേർന്നിരിക്കുകയാണ്. രാഷ്ട്രീയഗതിയും മതവും ലോകത്തെ നന്നാക്കേണ്ടതിനുള്ള രണ്ട് ഉപാധികളാണല്ലോ. അവയെ കൂടാതെ ഈ ലോകം നിലനില്ക്കുകയില്ല. അഭിവൃദ്ധിപ്പെടുകയുമില്ല. നിലനിൽപ്പിനും അഭിവൃദ്ധിക്കും മുഖാന്തരമായിരിക്കുന്ന ഈ രണ്ടും ആശയറ്റ നിലയിൽ അധഃപതിച്ചുകൊണ്ടിരിക്കുകയാണ്.

ഐക്യരാഷ്ട്ര സംഘടന ഉൾപ്പെടെ ലോകരാഷ്ട്രങ്ങൾ എല്ലാം തന്നെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് പ്രസ്താവിച്ചിരിക്കുന്നു. ആഗോള സാമ്പത്തിക മാന്ദ്യം ഏറ്റവും കൂടുതൽ ബാധിക്കുക ഇൻഡ്യയെയെന്നു അന്താരാഷ്ട്ര നാണയനിധി I.M.F ന്റെ മേധാവി ക്രിസ്റ്റലീന ജോർജിവ പറഞ്ഞു. ഇൻഡ്യ, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളിൽ മാന്ദ്യം കൂടുതൽ പ്രതിഫലിക്കും. ആഗോളതലത്തിൽ 90% മേഖലയിലും വളർച്ചാനിരക്ക് കുറയും. ജനങ്ങളെ ഞെട്ടലിനും ഭീതിക്കും വിധേയമാക്കിക്കൊണ്ട് സമ്പദ്ഘടനയിൽ നിന്നും അവരുടെ ശ്രദ്ധതിരിച്ചു വിടുകയും സാമ്പത്തിക മേഖലയിലെ സർക്കാരിന്റെ പരാജയങ്ങളെ മറച്ചുവയ്ക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി “ഒരു രാജ്യം ഒരു ഭാഷ, രാജ്യത്തിനാകെ ഒരു പൗരത്വ രജിസ്റ്റർ, പൗരത്വ ഭേദഗതി നിയമം പോലുള്ള പദ്ധതികൾ ഒരു മതേതരത്വ ജനാധിപത്യ സമൂഹമായും ഭരണസംവിധാനമായും ഉള്ള നമ്മുടെ

ശേഷം 10 – ാം പേജിൽ

# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം



ഒരു ക്രിസ്തുമസ്കാലം കൂടി നമ്മെ സമീപിച്ചിരിക്കുന്നു. ലോകരക്ഷിതാവായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ ഓർമ്മകൾ അയവിറക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന നാളുകളാണ് ക്രിസ്തുമസ് കാലം.

ദൈവസൃഷ്ടിയായ മനുഷ്യൻ ഏദൻതോട്ടത്തിൽ വസിച്ചു. ദൈവകല്പന ലംഘിച്ചു, വിലക്കപ്പെട്ട കനി ഭക്ഷിച്ചു. നഗ്നനും പാപിയുമായിത്തീർന്ന മനുഷ്യനെ ഏദൻതോട്ടത്തിൽ തുടരുവാൻ ദൈവം അനുവദിച്ചില്ല. അവനെയും ഭാര്യയായ ഹൗവ്വയെയും മുള്ളും പറക്കാരയും നിറഞ്ഞ ഭൂമിയിലേക്ക് ഇറക്കിവിട്ടു. അങ്ങനെ ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യനിലും പരന്നിരിക്കുന്നു (റോമ.5:13). മനുഷ്യസ്നേഹമുള്ളവനായ ദൈവം, തന്റെ ഏകജാതനായ പുത്രനിലൂടെ ആദാമ്യ സന്തതികൾക്കു പുതുജീവൻ നല്കാൻ ദൈവിക പദ്ധതി ലോകസ്ഥാപനത്തിനു മുമ്പേ ക്രമീകരിച്ചിരുന്നു (എഫേ.1:4-6). ഏദനിൽ വച്ചുതന്നെ ഈ രക്ഷയെക്കുറിച്ചുള്ള അറിവ് ആദാമിനു നല്കി (ഉല്പ. 3:15) പ്രവാചകന്മാരിലൂടെ ഈ രക്ഷാസന്ദേശം, യേശുവിന്റെ സ്വന്തജനമായ യഹൂദന്മാരെ അറിയിക്കുകയും ചെയ്തു. "നീയോ ബേത്‌ലഹേം എഫ്രാത്തേ നീ യഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും, യിസ്രായേലിനു അധിപതിയായിരിക്കേണ്ടുന്നവൻ നിന്നിൽ നിന്നു ഉത്ഭവിച്ചു വരും. അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നെ" (മീഖാ 5:2) എന്ന തിരുവചനം ഈ പ്രവചനങ്ങളിൽ ഒന്നുമാത്രം. പ്രവചനങ്ങളുടെ നിവൃത്തി എന്നോണം രണ്ടായിരം വർഷങ്ങൾക്കു മുമ്പ് കന്യകയിൽ നിന്നും ജനിച്ച ഒരു അത്ഭുതശിശുവിനെ ബേത്‌ലഹേമിലെ പുൽക്കൂട്ടിൽ കിടത്തി.

ഈ ജനനത്തെക്കുറിച്ചു മാതാവായ മറിയാമിനോടു ദൈവദൂതൻ സംസാരിക്കുമ്പോൾ ലോകത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കുവാനാണ് ഈ ജനനം എന്നു വ്യക്തമാക്കുന്നുണ്ട്. നിരാലംബരായ ആട്ടിടയരോടു സദ്‌വാർത്ത അറിയിക്കുമ്പോൾ ലോകരക്ഷിതാവായ യേശുവാണ് ബേത്‌ലഹേമിൽ ജനിച്ചിരിക്കുന്നതെന്നു മാലാഖമാർ വ്യക്തമാക്കുന്നുണ്ട്. വാനിലുദിച്ച അത്ഭുത നക്ഷത്രത്തിന്റെ ഉദയത്തോടെ പേർഷ്യയിൽ നിന്നുള്ള വാനനിരീക്ഷകർ ഈ ജനനത്തെ അറിഞ്ഞു. അറിഞ്ഞവരെല്ലാം ബേത്‌ലഹേമിലെ പുൽക്കൂട്ടിൽ ചെന്നു ഈ ജനനത്തിനു സാക്ഷ്യം വഹിച്ചു.

ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിക്കാതെ സ്വയം ശൂന്യവൽക്കരിക്കപ്പെട്ടു മനുഷവേഷം എടുത്ത് അപ്പത്തിന്റെ ഭവനമായ ബേത്‌ലഹേമിൽ ജനിച്ച ജീവന്റെ അപ്പമായ മശിഹായെ ആണു എല്ലാവരും ദർശിച്ചത്. ക്രിസ്തുമസ് അവസാനിക്കുന്നത് ഗോഗുൽത്തായിലാണ് "ഇതാ സകലതും നിവൃത്തിയായി; പിതാവെ ഞാൻ എന്റെ ആത്മാവിനെ നിന്റെ കൈകളിൽ ഭരമേല്പിക്കുന്നു" എന്നു പറഞ്ഞു ജീവനെ വെടിഞ്ഞപ്പോഴാണ്, വാസ്തവമായും ക്രിസ്മസ് അവസാനിക്കുന്നത്.

ക്രിസ്തുമസ് എന്ന പേരിൽ, നിശാ ക്ലബ്ബിലും, മദ്യശാലയിലുമുള്ള നമ്മുടെ ആഘോഷങ്ങൾ നമ്മുടെ കർത്താവിനു സ്വീകാര്യയോഗ്യമോ എന്ന് ഒരു നിമിഷം ചിന്തിക്കണം. വിശന്നും ദാഹിച്ചും, നഗ്നരായും, രോഗികളായും തടങ്കലിലുമായി കഴിയുന്ന പതിനായിരങ്ങൾ സഹായത്തിനു യാചിക്കുമ്പോൾ അവർക്കു നേരെ മുഖം തിരിച്ചുള്ള ക്രിസ്തുമസ് ആഘോഷത്തിനു എന്തു ന്യായീകരണമാണുള്ളത്?

വാസ്തവമായും ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ ജനിക്കുവാൻ ഇടവരട്ടെ. നമുക്കുള്ളതെല്ലാം വിദ്വാന്മാരെപ്പോലെ അവന്റെ തൃപ്പാദത്തിങ്കൽ സമർപ്പിക്കാം.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**ആർച്ച്ബിഷപ്പ് സേവേറിയോസ് കുറിയാക്കോസ് വലിയമെത്രാപ്പോലീത്താ**



# സമുദായ വാർത്തകൾ

റ്റി.ഒ. എബ്രഹാം തോട്ടത്തിൽ, ക്നാനായ സമുദായ സെക്രട്ടറി

നവംബർ മാസം ക്നാനായ സമുദായത്തിലെ വിദ്യാസമ്പന്നരായ പ്രതിഭകളെ സംബന്ധിച്ച് സന്തോഷത്തിന്റെ ദിവസങ്ങൾ ആയിരുന്നു. കാരണം ക്നാനായ സമുദായം അവരെ ആദരിക്കുകയുണ്ടായി. ഈ വർഷത്തെ മെറിറ്റ് അവാർഡ് ചടങ്ങിന് പ്രഗത്ഭരായ വ്യക്തികൾ ആണ് പങ്കെടുത്തത്. ആർച്ച്ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ അവാർഡ് ദാനചടങ്ങിൽ കേരള മന്ത്രിസഭയിലെ വനംവകുപ്പ് മന്ത്രി ശ്രീ. രാജു ഉദ്ഘാടനം ചെയ്തു. അതുപോലെ ക്നാനായക്കാരനായ കോട്ടയം M.P. തോമസ് ചാഴിക്കാടൻ, M. L.A. തിരുവഞ്ചൂർ രാധാകൃഷ്ണൻ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. നമ്മുടെ സമുദായ അംഗമായ ശ്രീ. എൽദോസ് പുന്നൂസ് IFS മുഖ്യപ്രഭാഷണം നടത്തി. സമുദായ നേതൃത്വവും ബഹു. വൈദികരും രക്ഷകർത്താക്കളും അവാർഡ് ജേതാക്കളായ വിദ്യാർത്ഥികളും അടങ്ങിയ വലിയ ഒരു ജനാവലി ഈ ചടങ്ങിൽ സംബന്ധിച്ചു. ഇതിൽ സഹകരിച്ച എല്ലാവരോടും ഉള്ള നന്ദി അറിയിക്കുന്നു.

ഇപ്പോൾ യാക്കോബായ സഭയിലെ പ്രതിസന്ധിയുമായി ബന്ധപ്പെട്ട് പരി. പാത്രിയർക്കീസ് ബാവാ മസ്ക്കറ്റിൽ വിളിച്ച ആകമാന സുറിയാനിസഭ സിനഡിൽ സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത അടക്കം മറ്റ് മൂന്ന് സഹായ മെത്രാപ്പോലീത്തന്മാരും പങ്കെടുക്കുകയുണ്ടായി. യാക്കോബായ സഭയിൽ ശാശ്വത സമാധാനം ഉണ്ടാക്കുന്നതിനുവേണ്ടിയും, ചർച്ചകൾ നടത്തുന്നതിനുവേണ്ടിയും പ്രത്യേകമായ ഒരു കമ്മറ്റിയെ ആ സിനഡിൽ തെരഞ്ഞെടുത്തു എന്ന് അറിയുവാൻ കഴിഞ്ഞു.

കൂടാതെ നമ്മുടെ സമുദായത്തിൽ സമാധാനപരമായ അന്തരീക്ഷം ഉണ്ടാകുന്നതിനുവേണ്ടി പരി. പാത്രിയർക്കീസ് ബാവാ നമ്മുടെ മെത്രാപ്പോലീത്താ ഉൾപ്പെടെയുള്ള മെത്രാന്മാർക്ക് നിർദ്ദേശങ്ങൾ കൊടുക്കുകയുണ്ടായി. മസ്ക്കറ്റിലെ നമ്മുടെ ക്നാനായ സമുദായ ദേവാലയത്തിൽ ദിവ്യബലി അർപ്പിച്ചതിനുശേഷമാണ് സമുദായ മെത്രാപ്പോലീത്ത നാട്ടിൽ തിരിച്ചെത്തിയത്.

ഇപ്പോഴത്തെ ക്നാനായ കമ്മറ്റി നിലവിൽ വന്ന സമയം മുതൽ നമ്മുടെ കൊച്ചുസമുദായത്തിൽ സമാധാനം ഉണ്ടാകുന്നതിനും സുപ്രീം കോടതി അംഗീകരിച്ച ക്നാനായ സമുദായ ഭരണഘടനയും ക്നാനായ അസ്സോസിയേഷനും, അന്യോന്യബന്ധവും, സമുദായത്തിന്റെ സ്വാതന്ത്ര്യവും നിലനിർത്തുവാനും ഒറ്റക്കെട്ടായി മുന്നോട്ടുപോകുവാനും ഞങ്ങൾ ആവുന്നതെല്ലാം ചെയ്യുന്നുണ്ട്. അതിന്റെ ഭാഗമായി സുഖാർ ധ്യാനകേന്ദ്രത്തിൽ നടന്ന അഖണ്ഡ പ്രാർത്ഥനയിൽ എല്ലാ മെത്രാപ്പോലീത്തന്മാരേയും സഹകരിപ്പിക്കുവാൻ സാധിച്ചു.

കൂടാതെ സമുദായത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന മെറിറ്റ് അവാർഡ്ദാനചടങ്ങിൽ നമ്മുടെ തിരുമേനിമാരെ ഒരുമിച്ച് വേദി പങ്കിടുവാനും പ്രസംഗിക്കുവാനും അവസരമുണ്ടാക്കി. ഇതുകൂടാതെ സമുദായ ട്രസ്റ്റി ഒറ്റയ്ക്ക് ഒറ്റയ്ക്ക് തിരുമേനിമാരുമായി ആശയവിനിമയം നടത്തി. ഇതിനെല്ലാം പൂർണ്ണമായ ഫലപ്രാപ്തി ഉണ്ടായിട്ടില്ല. എങ്കിലും സമുദായ സമാധാനത്തിനും യോജിപ്പിനും വേണ്ടി പ്രാർത്ഥിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

സമുദായവുമായി ബന്ധപ്പെട്ട് സോഷ്യൽ മീഡിയയിൽ തെറ്റായ പല വാർത്തകളും പ്രചരിക്കുന്നുണ്ട്. അത് സമുദായ അംഗങ്ങളുടെ ഇടയിൽ തെറ്റായ ധാരണകൾ ഉണ്ടാക്കുവാൻ ഇടയാകും എന്നതിനാൽ എന്തെങ്കിലും കാര്യത്തിൽ സമുദായ അംഗങ്ങൾക്ക് സത്യാവസ്ഥ അറിയുവാൻ താല്പര്യം ഉണ്ടെങ്കിൽ സമുദായ സെക്രട്ടറിയെ ഫോണിൽ കൂടി ബന്ധപ്പെടാവുന്നതാണ് എന്നുള്ള വിവരം സന്തോഷത്തോടെ അറിയിക്കുന്നു.

കൂടാതെ കഴിഞ്ഞവർഷം നടത്തിയതുപോലെ ഈ വർഷവും ഡിസംബർ 22-ാം തീയതി ഞായറാഴ്ച അഞ്ചുമണിയ്ക്ക് നമ്മുടെ സമുദായ ആസ്ഥാനമായ മോർ അപ്രേം സെമിനാരി അങ്കണത്തിൽ 'ക്രിസ്തുമസ് ഈവ് 2019' നടത്തുവാൻ കമ്മറ്റി തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ അതിഭദ്രാസനം വിപുലമായ പരിപാടികളോടുകൂടി ക്രിസ്തുമസ് ഈവ് നടത്തുന്നതാണ്. ഈ വർഷം വിവിധ ക്രൈസ്തവസഭകളിലെ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ക്രിസ്തുമസ് ഗാനമത്സരവും, ക്രിസ്തുമസ് ഫാദർ മത്സരവും നടത്തുകയാണ്. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം കരസ്ഥമാക്കുന്ന ടീമിന് ക്യാഷ് പ്രൈസും മറ്റുള്ളവർക്ക് പ്രോത്സാഹന സമ്മാനവും നല്കുന്നതാണ്.

ക്രിസ്തുമസ് ദൂത് നൽകുന്നതിന് മറ്റുസഭകളിലെ വിശിഷ്ടാതിഥികളെ ക്ഷണിച്ചുവരുത്തി സമുദായ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടത്തുന്നതാണ്. സമുദായ അടിസ്ഥാനത്തിൽ നടത്തുന്ന ഈ പ്രോഗ്രാമിന്റെ വിജയത്തിനുവേണ്ടി വൈദികരും അസ്സോസിയേഷൻ അംഗങ്ങളും സമുദായത്തിലെ പള്ളിഭാരവാഹികളും ഭക്തസംഘടനകളും എല്ലാ സമുദായ അംഗങ്ങളും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ കഴിഞ്ഞ ഒരു വർഷം സമുദായത്തെ കാത്ത് പരിപാലിച്ച ദൈവത്തോട് നന്ദിപറഞ്ഞുകൊണ്ടും യേശുക്രിസ്തുവിന്റെ ജനനപെരുന്നാളിൽ പങ്കാളികളാകുന്ന എല്ലാ സമുദായ അംഗങ്ങൾക്കും ശാന്തിയുടെയും സമാധാനത്തിന്റെയും ക്രിസ്തുമസ് ആശംസകൾ നേർന്നുകൊണ്ടും 2020 പുതുവർഷം സമുദായത്തിന്റെ ഐക്യത്തിനും അഭിവൃദ്ധിക്കും ആയിത്തീരുവാൻ എല്ലാവരും പ്രാർത്ഥിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ടും സമുദായത്തിലെ ആബാലവൃദ്ധം അംഗങ്ങൾക്കും എല്ലാവിധ ഐശ്വര്യവും നിറഞ്ഞ പുതുവർഷ ആശംസകൾ നേർന്നുകൊണ്ട് നിർത്തുന്നു.



# ദൈവവചനം ഒരിക്കലും പരാജയപ്പെടുകയില്ല

ഫാ. സിജിൽ ജോസ് വിലങ്ങൻപാറ

### ആമുഖം

ദൈവവചനം ഒരിക്കലും പരാജയപ്പെടുകയില്ല (റോമ. 9:6). വചനത്തിൽ ആശ്രയിക്കുന്നവർ ജീവിതത്തിൽ വിജയം കണ്ടെത്തും. വചനം വിശ്വാസയോഗ്യവും തികച്ചും സ്വീകാര്യവുമാണ് (1 തിമോ.4:9). വചനം നമ്മുടെ ജീവിതത്തിന്റെ വഴികാട്ടിയാണ്. "നടക്കുമ്പോൾ അവ നിന്നെ നയിക്കും, കിടക്കുമ്പോൾ നിന്നെ കാത്തുകൊള്ളും, ഉണരുമ്പോൾ നിന്നെ ഉപദേശിക്കും" (സദൃ.6:22). വിശുദ്ധലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ മനസ്സിലാക്കാത്തതിനാൽ നിങ്ങൾക്കു തെറ്റുപറ്റിയിരിക്കുന്നു (മത്തായി 22:29). വചനം പാലിക്കുന്നവർക്ക് തെറ്റ് പറ്റുകയില്ല. എന്റെ വാക്കുകൾ നിന്റെ ഹൃദയത്തിൽ സൂക്ഷിക്കുക. എന്തെന്നാൽ അവ ഉൾക്കൊള്ളുന്നവന് അവ ജീവനും, അവന്റെ ശരീരത്തിന് ഔഷധവുമാണ് (സദൃ.4:22). ദൈവത്തിന്റെ വചനം ജീവനുള്ളതും സർവ്വവും പ്രവൃത്തിക്കുന്നതും, ഇരുവശവും മൂർച്ചയുള്ള വാളിനേക്കാൾ മൂർച്ചയേറിയതും ആകുന്നു. അത് പ്രാണനേയും, ആത്മാവിനേയും സന്ധിബന്ധങ്ങളേയും, മജ്ജയേയും അസ്ഥികളേയും ഭേദിച്ച് അകത്തുകടക്കുന്നതും, ഹൃദയത്തിന്റെ വിചാരങ്ങളേയും ആലോചനകളേയും വിവേചിക്കുന്നതുമാകുന്നു (എബ്രാ. 4:12).

ദൈവവചനം മനുഷ്യന്റെ സമസ്തമേഖലയെയും സ്പർശിക്കുകയും സുഖപ്പെടുത്തുകയും ചെയ്യുന്നു. കർത്താവിന്റെ വചനം അന്ധതയിൽ നിന്നും അജ്ഞതയിൽ നിന്നും അശുദ്ധിയിൽ നിന്നും മലിനതയിൽ നിന്നും പിശാചിൽ നിന്നും നമുക്കു മോചനം നല്കും. പ്രത്യാശയുടെ ലോകത്തിലേക്കു നമ്മെ നയിക്കുന്നതു ദൈവവചനമാണ്.

### ദൈവവചനത്തിന്റെ സവിശേഷതകൾ

**(1) ദൈവവചനം വിശ്വാസയോഗ്യമാണ്.**

'തിരുവചനം വിശ്വാസവും എല്ലാവരാലും അംഗീകരിപ്പാൻ യോഗ്യതയുള്ളതുമാകുന്നു' (1 തിമോ. 4:9). വി. ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് സംശയിക്കണ്ട ആവശ്യമില്ല.

**(2) ദൈവവചനം ഫലം പുറപ്പെടുത്തും.**

മഴയും ഹിമവും ആകാശത്തുനിന്നു പെയ്യുകയും അവിടേക്കു മടങ്ങാതിരിക്കുകയും വിതപ്പാൻ വിത്തും തിന്നുവാൻ ആഹാരവും നല്കത്തക്കവണ്ണം ഭൂമിയെ നനച്ചു ഫലവത്താക്കി വിളയിക്കുന്നതുപോലെ എന്റെ വായിൽ നിന്നു പുറപ്പെടുന്ന എന്റെ വചനം ആയിരിക്കും. അത് വൃഥാ എന്റെ അടുക്കലേക്ക് മടങ്ങിവരാതെ എനിക്ക് ഇഷ്ടമുള്ളതു നിവർത്തിക്കുകയും ഞാൻ അയച്ച കാര്യം സാധിപ്പിക്കുകയും ചെയ്യും (എശയ്യാ 55:10-12). വചനം തീർച്ചയായും ഫലം പുറപ്പെടുത്തുമെന്ന് ദൈവം ഓർമ്മിപ്പിക്കുന്നു.

**(3) ദൈവവചനം നശിക്കുന്നില്ല.**

നമ്മുടെ കർത്താവിന്റെ വചനമാകട്ടെ എന്നേക്കും നിലനിൽക്കുന്നു (ഏശയ്യാ 40:8). "ആകാശവും ഭൂമിയും കടന്നുപോകും. എന്നാൽ, എന്റെ വചനങ്ങൾ കടന്നുപോവുകയില്ല" (മർക്കോസ്13:31). സങ്കീർത്തകൻ പറഞ്ഞു "കർത്താവേ അങ്ങയുടെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സുസ്ഥാപിതമാണ്" (സങ്കീ.119:89). ദൈവവചനം ഒരിക്കലും നശിക്കുന്നില്ല. ആകാശവും ഭൂമിയും കടന്നുപോയാലും ദൈവവചനത്തിൽ നിന്ന് "വള്ളിയോ പുള്ളിയോ" മാറ്റപ്പെടുകയില്ല. വി. പത്രോസ് പറയുന്നു "കർത്താവിന്റെ വചനം നിത്യം നിലനിൽക്കുന്നു" (1 പത്രോ. 1:25).

**(4) ദൈവവചനം തേൻപോലെ മധുരിക്കും.**

"ഞാൻ മാലാഖയുടെ കൈയ്യിൽ നിന്ന് ഗ്രന്ഥം വാങ്ങി വിഴുങ്ങി. അത് തന്റെ വായിൽ തേൻ കണക്കെ മധുരമായിരുന്നു" (വെളി. 10:10). അങ്ങയുടെ വാക്കുകൾ എനിക്ക് എത്ര മധുരമാണ്. അവ എന്റെ നാവിന് തേനിനേക്കാൾ മധുരമാണ് (സങ്കീ.119:103,19:10) ഹസ്ക്കീയേൽ (എസെക്കിയേൽ) പ്രവാചകന് ദൈവവചനം തേൻപോലെ മധുരിച്ചു (ഹസ്ക്കിയേൽ 3:3). എറമിയാ പ്രവാചകന് ദൈവവചനം ആനന്ദാമൃതമായി അനുഭവപ്പെട്ടു. അത് അദ്ദേഹത്തിന്റെ ഹൃദയത്തിന് സന്തോഷം നൽകി (യിരമ്യാ 15:16).

**(5) ദൈവവചനം ലോകത്തിന് ഭോഷത്തമാണ്.**

"കുരിശിന്റെ വചനം നാശത്തിലൂടെ ചരിക്കുന്നവർക്കു ഭോഷത്തമാകുന്നു; രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അത് ദൈവത്തിന്റെ ശക്തിയത്രെ" (1 കോരി1:18). 'ഞങ്ങളുടെ സുവിശേഷം നിഗൂഢമായിരിക്കുന്നത് നാശത്തിലേക്ക് പോകുന്നവർക്ക് മാത്രമാണ്. ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളായ അവരുടെ മനസ്സിനെ അന്ധമാക്കിയിരിക്കുന്നു. താൻ നിമിത്തം, ദൈവത്തിന്റെ പ്രതിരൂപമായ ക്രിസ്തുവിന്റെ മഹത്വമേറിയ സുവിശേഷത്തിന്റെ പ്രകാശം അവർക്കു ദൃശ്യമല്ല' (2 കോരി 4:3,4). "ഞങ്ങളാകട്ടെ, യഹൂദർക്ക് ഇടർച്ചയും വിജാതീയർക്ക് ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു" (2കോരി.1:23). വചനം ചിലർക്ക് ഭോഷത്തമായി തോന്നാം; എന്നാൽ വിശ്വസിക്കുന്നവർക്ക് വചനം രക്ഷയരുളുന്നു.

**(6) ദൈവവചനം വഴി വിശ്വാസം ലഭിക്കുന്നു.**

"വിശ്വാസം കേൾവിയിൽ നിന്നും കേൾവി ക്രിസ്തുവിനെപ്പറ്റിയുള്ള പ്രസംഗത്തിൽ നിന്നുമാകുന്നു" (റോമ.10:17). വചനം കേൾക്കുമ്പോഴാണ് വിശ്വാസം ഒരാളിൽ ബലം പ്രാപിക്കുക.

**(7) ദൈവവചനം നമ്മെ ശുദ്ധീകരിക്കുന്നു.**

"ഞാൻ നിങ്ങളോടു പറഞ്ഞ വചനങ്ങൾ നിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കുന്നു" (യോഹ.15:3).

**(8) ദൈവവചനം നമ്മെ മാനസാന്തരത്തിലേയ്ക്ക് നയിക്കുന്നു.**

"ആത്മാവിന്റെ വാൾ" എന്നാണ് വി. പൗലോസ് വചനത്തെ വിശേഷിപ്പിക്കുന്നത് (എഫേ. 6:17). "എന്റെ വചനം അഗ്നിപോലെയും പാറയെ തകർക്കുന്ന കൂടംപോലെയുമല്ലെ? കർത്താവ് ചോദിക്കുന്നു" (യിരമ്യ.23:29). വചനം വാൾപോലെ മൂർച്ചയുള്ളതാണ്. അത് കേൾക്കുന്നവർ മാനസാന്തരപ്പെടുന്നു.

**(9) ദൈവവചനം പാദങ്ങൾക്ക് വിളക്കാണ്.**

"അങ്ങയുടെ വചനങ്ങൾ എന്റെ പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമാണ്" (സങ്കീ.119:105). വചനം പാതയിൽ വെളിച്ചം നൽകുന്നു. വചനത്തിന്റെ പ്രകാശം ഉള്ളവർക്ക് വഴിതെറ്റുകയില്ല.

**(10) ദൈവവചനം നമ്മെ ആശ്വസിപ്പിക്കുന്നു**

പരീക്ഷീണന് ആശ്വാസം നൽകുന്ന വാക്ക് ദൈവമായ കർത്താവ് എന്നെ ശിഷ്യനെയെന്നപോലെ അഭ്യസിപ്പിച്ചു എന്ന് ഏശയ്യാ പ്രവാചകൻ പറഞ്ഞു (ഏശ. 50:4). വചനം ആവശ്യനേരത്ത് ആശ്വാസം പകരുന്നു.

**(11) ദൈവവചനം ശത്രുക്കളേപ്പോലും രമ്യതയിലാക്കുന്നു.**

"ഒരാളുടെ വഴികൾ കർത്താവിന് പ്രീതികരമായിരിക്കുമ്പോൾ ശത്രുക്കൾപോലും അവനോട് ഇണങ്ങിക്കഴിയുന്നു" (സദൃ.16:7). വചനം കേൾക്കുന്നവർക്ക് ശത്രുക്കളെപ്പോലും സ്നേഹിക്കാൻ ശക്തി ലഭിക്കുന്നു.

**(12) ദൈവവചനം നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുന്നു.**

ഭയത്തിൽ കഴിയുന്നവർക്ക് വചനം കേൾക്കുമ്പോൾ ഹൃദയം ജ്വലിക്കുന്ന അനുഭവം ഉണ്ടാകുന്നു. എമ്മാവോസിലേക്ക് പോയ ശിഷ്യന്മാർ പറഞ്ഞു "വഴിയിൽ വച്ച് അവൻ വിശുദ്ധലിഖിതം വിശദീകരിച്ചുകൊണ്ട് നമ്മോടു സംസാരിച്ചപ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ? (ലൂക്കോ.24:32).

**(13) ദൈവവചനം നമ്മെ രോഗങ്ങളിൽ നിന്നും സുഖപ്പെടുത്തുന്നു.**

യേശുതമ്പുരാൻ വചനം കൊണ്ടാണ് രോഗികളെ സുഖപ്പെടുത്തിയത്. "അവൻ വചനം കൊണ്ട് അശുദ്ധാത്മാക്കളെ പുറത്താക്കുകയും എല്ലാ രോഗികളെയും സുഖപ്പെടുത്തുകയും ചെയ്തു" (മത്തായി 8:16). വചനപ്രഘോഷണവും രോഗശാന്തിയും ഒന്നിച്ചു പോകുന്നു. "അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും ജനങ്ങളുടെ എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലി മുഴുവൻ ചുറ്റി സഞ്ചരിച്ചു" (മത്തായി 4:23). "ദൈവം തന്റെ വചനമനുസരിച്ച് അവരെ സുഖപ്പെടുത്തി" (സങ്കീ.107:20). "കർത്താവേ, മരുന്നോ ലേപനൗഷധമോ അല്ലാ, എല്ലാവരേയും സുഖപ്പെടുത്തുന്ന അങ്ങയുടെ വചനമാണ് അവരെ സുഖപ്പെടുത്തിയത്" (മഹാജ്ഞാനം 16:12). എന്റെ വാക്കുകൾ നിന്റെ ഹൃദയത്തിൽ സൂക്ഷിക്കുക. എന്തെന്നാൽ അവ ഉൾക്കൊള്ളുന്നവന് അവ ജീവനും, അവന്റെ ശരീരത്തിന് ഔഷധവുമാണ് (സദൃശ്യ.4:22). ദൈവവചനം കേട്ടുകൊണ്ടിരിക്കുമ്പോൾത്തന്നെ അനേകർക്ക് രോഗങ്ങളിൽ നിന്ന് സൗഖ്യം ലഭിക്കുന്നു.

**(14) ദൈവവചനം പാലിക്കുന്നവർക്ക് തെറ്റ് പറ്റുകയില്ല.**

"അങ്ങേക്കെതിരെ പാപം ചെയ്യാതിരിക്കേണ്ടതിന് ഞാൻ അങ്ങയുടെ വചനം ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നു" (സങ്കീ.119:11). യേശു പറഞ്ഞു. "വി. ലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ മനസ്സിലാക്കാത്തതിനാൽ നിങ്ങൾക്കു തെറ്റുപറ്റിയിരിക്കുന്നു'' (മത്തായി 22:29). ശരിയായി വചനം പഠിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർക്ക് തെറ്റ് ഒഴിവാക്കാൻ ശക്തി ലഭിക്കുന്നു.


**(15) ദൈവവചനം സ്വീകരിക്കുന്നവർ ദൈവമക്കൾ ആകുന്നു**

വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു (യോഹ.1:14). അവനെ സ്വീകരിച്ചവർക്കെല്ലാം അവന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നൽകി (യോഹ. 1:12). വചനം സ്വീകരിക്കുന്നവർ യേശുവിനെയാണ് സ്വീകരിക്കുന്നത്. യേശുവാകുന്ന വചനം സ്വീകരിക്കുന്നവർ ദൈവമക്കളായി മാറുന്നു. യേശു പറഞ്ഞു ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാകുന്നു എന്റെ അമ്മയും സഹോദരരും (ലൂക്കോ.8:21). വചനം കേൾക്കുമ്പോൾ ദൈവപിതാവിന്റെ പ്രിയപുത്രനായ യേശുവിന്റെ സഹോദരങ്ങളായി നാം മാറുന്നു.

## ഉപസംഹാരം

പ്രിയമുള്ളവരെ, ഈ ലേഖനത്തിലൂടെ തിരുവചനത്തിന്റെ പ്രാധാന്യം നമ്മൾ മനസ്സിലാക്കുന്നു. ഭൂമിയിൽ ജീവിക്കുമ്പോൾ മനുഷ്യർക്ക് വെള്ളവും, വായുവും, ആഹാരവും എത്രമാത്രം ആവശ്യമാണോ അതുപോലെ തന്നെ ദൈവവചനവും ആവശ്യമാണ്. യേശുതമ്പുരാൻ തന്നെ പറഞ്ഞു ''മനുഷ്യൻ ജീവിക്കുന്നത് അപ്പം കൊണ്ടുമാത്രമല്ല; പിന്നെയോ ദൈവ വചനത്തിൽ നിന്നും പുറപ്പെടുന്ന എല്ലാ വചനം കൊണ്ടും അത്രെ എന്ന്" (മത്തായി 4:4). നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും കുടുംബത്തിലും ഒക്കെ തിരുവചന വായന ശീലമാക്കുവാൻ നമുക്ക് ശ്രമം ആരംഭിക്കാം. കാലം ചെയ്ത അന്ത്യോഖ്യയുടെ പാത്രിയർക്കീസായിരുന്ന പരി. മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ ഈവാസ് പ്രഥമൻ ബാവായുടെ ഇഷ്ടവിനോദം ബൈബിൾ വായനയായിരുന്നു എന്ന് വായിച്ചിട്ടുണ്ട്. അദ്ദേഹം എപ്പോഴും തിരുവചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുമായിരുന്നു. ഒരു കാലഘട്ടം മുഴുവൻ സുറിയാനി സഭയെ പരിശുദ്ധാത്മാവിൽ നയിക്കുവാൻ അദ്ദേഹത്തെ ശക്തിപ്പെടുത്തിയത് യേശുവിന്റെ വചനമാണ്. പരിശുദ്ധ സഭയുടെ ആരാമത്തിൽ അനേകം വിശുദ്ധ പുഷ്പങ്ങൾക്ക് (വി.സഭാപിതാക്കന്മാർ, ശുദ്ധിമതികൾ, രക്ത സാക്ഷികൾ) ജന്മം നൽകിയതിൽ തിരുവചനത്തിന് പ്രധാനപങ്കുണ്ട്.

കർത്താവിൽ പ്രിയരെ, തിരുവചനം നമ്മെ അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് നയിക്കും. സങ്കീർത്തനത്തിൽ നമ്മൾ വായിക്കുന്നു "കർത്താവിന്റെ വചനങ്ങളുടെ ചുരുളഴിയുമ്പോൾ പ്രകാശം പരക്കുന്നു; എളിയവർക്ക് അത് അറിവ് പകരുന്നു" എന്ന്. വി. ഗ്രന്ഥം നമ്മുടെ ഹൃദയത്തോട് ചേർത്ത് വെയ്ക്കാം, ദൈവവചനം മനഃപാഠം ആക്കുവാൻ ശ്രമിക്കാം. അപ്പോൾ സ്വർഗ്ഗീയജ്ഞാനം നമുക്ക് ലഭിക്കും. സ്വർഗ്ഗം നമ്മെ ഓർമ്മപ്പെടുത്തുന്നു. "എന്റെ വചനങ്ങളിൽ അഭിലാഷം അർപ്പിക്കുവീൻ അവയോട് അഭിനിവേശം കാണിക്കുവീൻ. നിങ്ങൾക്കു ജ്ഞാനം ലഭിക്കും" (മഹാജ്ഞാനം 6:11,12). ●



# തകിടിയിൽ യാക്കോബു കശ്ശീശായുടെ 50-ാം ചരമവാർഷികം

**അനീഷ് റ്റി. സി. തകിടിയിൽ**

തെക്കേ ഇൻഡ്യയിലെ അതിപുരാതന ദൈവാലയങ്ങളിൽ ഒന്നായ കോട്ടയം വലിയപള്ളിയുടെ സ്ഥാപനകാലത്ത് താഴത്തങ്ങാടിയിൽ വടയക്കാട്ട് എന്ന ഭവനത്തിൽ ഉതുപ്പാൻ എന്നൊരാൾ താമസിച്ചിരുന്നു. അദ്ദേഹം കുറെക്കാലം കഴിഞ്ഞ് തൊടുപുഴയിൽ എത്തി ചുങ്കത്തിൽ തടത്തിൽ എന്നൊരു സ്ഥലം വാങ്ങി അവിടെ താമസമാക്കി. എന്നാൽ കാട്ടുമൃഗങ്ങളുടെ സ്ഥിരമായ ശല്യം മൂലം വ്യാപകമായ കൃഷിനാശം ഉണ്ടായതിനാൽ അദ്ദേഹം സകുടുംബം വാകത്താനത്തേയ്ക്ക് താമസം മാറ്റി. ആ സ്ഥലത്തിന്റെ പേര് കൊക്കരവാലയിൽ പുരയിടം എന്നായിരുന്നു. പിന്നീട് കൊക്കരവാലേൽ കുടുംബത്തിൽ നിന്ന് അദ്ദേഹത്തിന്റെ മൂത്തമകൻ ചിങ്ങവനത്ത് പുള്ളിപെരിഞ്ചേരി പുരയിടത്തിൽ താമസമാക്കി. ആ വംശപരമ്പരയിൽപ്പെട്ട തകിടിയിൽ മത്തായി ആണ് യശ്ശ:ശരീരനായ യാക്കോബ് കശ്ശീശായുടെ പിതാവ്. കല്ലിശ്ശേരി പള്ളി വികാരി ആയും പിന്നീട് മാന്നാർ പള്ളി വികാരി ആയും ഇരുന്ന തുണ്ടിയിൽ തോമ്മാകത്തനാരുടെ കുടുംബത്തിൽപ്പെട്ട കൊറ്റംകുഴിയിൽ അച്ചാമ്മ ആയിരുന്നു യാക്കോബ് കശ്ശീശായുടെ മാതാവ്. മത്തായി-അച്ചാമ്മ ദമ്പതികളുടെ ഏഴുമക്കളിൽ മൂന്നാമത്തെ മകനായി യാക്കോബ് കശ്ശീശാ ജനിച്ചു. ചെറുപ്പത്തിൽ ചാക്കോച്ചൻ എന്ന ഓമനപ്പേരിലാണ് അച്ചൻ അറിയപ്പെട്ടിരുന്നത്.

ചെറുപ്പം മുതലേ ബുദ്ധിമാനും സമർത്ഥനും ആയിരുന്ന ചാക്കോച്ചൻ കോട്ടയം സി.എം.എസ് സ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം കോഴിക്കോട് സിംഗർ മെഷീൻ കമ്പനിയിൽ ജോലി സമ്പാദിച്ചിരുന്നു. ഈ കാലയളവിൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള പ്രാവീണ്യം നേടിയിരുന്നു. ഉത്തമരായ മാതൃകാദ്ധ്യാപകരുടെ ശിക്ഷണവും ദൈവഭക്തരായ മാതാപിതാക്കന്മാരുടെ കൂടെയുള്ള ബാല്യകാല ജീവിതവും ബാലനായ ചാക്കോച്ചനിൽ മതഭക്തിയും, വിശ്വാസസ്ഥിരതയും ലക്ഷ്യബോധത്തോടുള്ള സാമൂഹ്യസേവനത്തിനുള്ള തന്റേടവും സമ്പാദിക്കുവാൻ സഹായിച്ചു. പ്രാർത്ഥനയിലൂടെയും സത്കർമ്മത്തിലൂടെയും സമാർജ്ജിച്ച ദൈവാനുഗ്രഹവും ഈശ്വര ചൈതന്യവും ചാക്കോച്ചന് കോഴിക്കോട് ഉണ്ടായിരുന്ന ജോലി ഉപേക്ഷിക്കുന്നതിനും സഹായിച്ചു. തങ്ങളുടെ കുടുംബത്തിൽ ഒരു വൈദികനുണ്ടാവുക എന്ന കുടുംബാംഗങ്ങളുടെ ആഗ്രഹം മനസ്സിലാക്കിയ ചാക്കോച്ചൻ അഭിവന്ദ്യ ഇടവഴിക്കൽ ഗീവർഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ കല്പനപ്രകാരം ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം നടത്തുകയും ഒറ്റത്തൈയ്ക്കൽ തോമാ മോർ ദിയസ്ക്കോസ് മെത്രാപ്പോലീത്തായിൽ നിന്നും കോറുയോപട്ടം സ്വീകരിക്കുകയും ചെയ്തു. 1931 സെപ്തംബർ 14-ാം തീയതി സ്ലീബാ പെരുന്നാൾ ദിവസം ചിങ്ങവനം ദയറാപള്ളിയിൽ വച്ച് അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായിരുന്ന മഹാപരിശുദ്ധനായ ഇഗ്നാത്തിയോസ് ഏലിയാസ് ത്രിതിയൻ പാത്രിയർക്കീസ് ബാവായുടെ തൃക്കരങ്ങളിൽ നിന്ന് യാക്കോബ് എന്ന പേരിൽ ദയറാപട്ടം സ്വീകരിച്ചു. (മലങ്കരയിൽ ഏലിയാസ് ത്രിതിയൻ ബാവായിൽ നിന്നും വൈദികപട്ടം ലഭിക്കുന്നത് അപൂർവ്വം ചില വൈദികർക്ക് മാത്രം).

“ഞാൻ എന്റെ മനസ്സിനൊത്ത ഇടയന്മാരെ നിങ്ങൾക്ക് നൽകും. അവർ നിങ്ങളെ ജ്ഞാനത്തോടും ബുദ്ധിയോടും കൂടി മേയിക്കും” (യിരമ്യാവ് 3:15). ഈ തിരുവചനം യാക്കോബ് കശ്ശീശയെക്കുറിച്ച് നൂറുശതമാനവും അർത്ഥവത്താണ്. കാരണം ക്നാനായ സമുദായത്തിലെ വിവിധ ദൈവാലയങ്ങളിലും യാക്കോബായ സഭയുടെ വിവിധ ദൈവാലയങ്ങളിലും പിന്നിട്ട അച്ചന്റെ പൗരോഹിത്യ ശുശ്രൂഷാക്കാലം സ്തുത്യർഹമായിരുന്നു. ദൈവം തന്നെ ഏല്പിച്ച താലന്തുകൾ സൂക്ഷ്മതയോടും പരിപാവനതയോടും പരിപോഷിപ്പിച്ച് നൂറുമേനിയിലധികം വിളയിക്കുന്നതിൽ അച്ചൻ ബദ്ധശ്രദ്ധനായിരുന്നു. തികഞ്ഞ അന്ത്യോഖ്യാ വിശ്വാസതീക്ഷ്ണത, വിവേചന സാമർത്ഥ്യം, ദീർഘവീക്ഷണം, ദൈവഭയം, പ്രാർത്ഥന, സ്നേഹം, ബഹുമാനം, കൃത്യനിഷ്ഠ എന്നീ ഗുണഗണങ്ങളുടെ വിളനിലമായിരുന്നു വന്ദ്യഅച്ചൻ. അരനൂറ്റാണ്ടിലേറെ തണ്ടിൻമേൽ വെച്ച വിളക്കുപോലെ ക്നാനായ സമുദായത്തിൽ ജ്വലിച്ചു നിന്ന ആ പ്രകാശം നിത്യപ്രകാശമായവന്റെ സന്നിധിയിലേക്ക് കരേറിപ്പോയെങ്കിലും അനേകം പഴയകാലവിശ്വാസികളുടെ ഹൃദയത്തിൽ ഇന്നും വിടർന്ന ചിരിയുമായി ഒളിമങ്ങാതെ ജീവിക്കുകയാണ് തകിടിയിൽ യാക്കോബ് കശ്ശീശാ.

അസാധാരണമായ ആദർശധീരതയും അനുപമമായ

കർമ്മ ചൈതന്യവും അചഞ്ചലമായ വിശ്വാസ സാമർത്ഥ്യവും അത്യുദാരമായ മനുഷ്യസ്നേഹവും യാക്കോബ് കശ്ശീശായിൽ നിറഞ്ഞുനിൽക്കുന്നുണ്ടായിരുന്നു. അസാധാരണമായ വ്യക്തിമഹത്വത്തിന്റെ ചൈതന്യം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മാത്രമല്ല പ്രവർത്തിയിലും നിഴലിച്ചുനിന്നിരുന്നു. ആരാധനാക്രമങ്ങൾ ശരിക്കും പഠിച്ച് തന്മയത്വത്തോടുകൂടി സന്ദർഭാനുസരണം ചൊല്ലിക്കുന്നതിനുള്ള ഒരു പ്രത്യേക കഴിവ് അച്ചനുണ്ടായിരുന്നു. പക്വമായ ജീവിതശിക്ഷണവും ത്യാഗസന്നദ്ധതയും ഉറച്ച ആദ്ധ്യാത്മീക ജീവിതസംസ്കാരവും കൊണ്ട് സംപൂജ്യനായിത്തീർന്ന ആചാര്യ ശ്രേഷ്ഠനായിരുന്നു യാക്കോബ് കശ്ശീശാ.

സുറിയാനിസഭയുടെ ആരാധനയിൽ വാങ്ങിപ്പോയ പിതാക്കന്മാരെയും മല്പാൻമാരെയും ഓർക്കുന്ന അഞ്ചാം തുബ്ദേൻ ആരംഭിക്കുന്നത് കർത്താവേ, ശ്രേഷ്ഠമായ നിന്റെ മുന്തിരിതോട്ടത്തിൽ ആത്മീയകൃഷി ചെയ്തവരെയും ദിനോറോ സമ്പാദ്യത്തിന്റെ പ്രത്യാശയിൽ മുൻകൂട്ടി നിദ്ര പ്രാപിച്ചവരുമായ പിതാക്കൻമാരും പ്രധാന പിതാക്കൻമാരുമായ ................എന്നാണ്. ഇവിടെ ഈ വിശേഷണങ്ങൾ തകിടിയിൽ യാക്കോബു കശ്ശീശായെ സംബന്ധിച്ചിടത്തോളം വളരെ അർത്ഥവത്താണ്. അഭി. ദിയസ്കോറസ് തിരുമേനിക്കുശേഷം ക്നാനായ സമുദായത്തിന്റെ ഭരണസാരഥ്യം ഏറ്റെടുക്കുന്നതിന് പല കേന്ദ്രങ്ങളിൽ നിന്നും അച്ചനുമേൽ സമ്മർദ്ദം ഉണ്ടായിരുന്നിട്ടും അധികാരങ്ങളോടു താൽപര്യം ഇല്ലാതിരുന്ന അച്ചൻ ആ ക്ഷണം സ്വയം നിരസിച്ച് ഇടവക ശുശ്രൂഷയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയായിരുന്നു. ആ കാലഘട്ടങ്ങളിൽ തീർത്തും സാഹസികവും ശ്രമകരവുമായ വിശുദ്ധനാട് സന്ദർശനത്തിന് അച്ചൻ തയ്യാറാവുകയും 1946 ജൂൺ 6 ന് അബ്ദുൾ ആഹാദ് റമ്പാച്ചനും ബഹു. ഗീവർഗീസ് അച്ചനുമായി ആലുവായിൽ നിന്ന് പുറപ്പെട്ട് കോയമ്പത്തൂരിൽ എത്തി തുടർന്ന് മാർതോമാശ്ലീഹാ താമസിച്ച സെന്റ് തോമസ് മൗണ്ട്, ശത്രുക്കളെ ഭയന്ന് ഒളിച്ചിരുന്ന ചിന്നമലയിലെ ഗുഹ, ശ്ലീഹ കബറടങ്ങിയ സ്ഥലമായ മൈലാപ്പൂർ ഇവയെല്ലാം സന്ദർശിച്ച് ബോംബെയിൽ എത്തുകയും അവിടെ നിന്ന് വിശുദ്ധനാട്ടിലേയ്ക്ക് കപ്പൽ കയറുകയും ചെയ്തു. വിശുദ്ധനാട് സന്ദർശന വേളയിൽ മൂസലിലെ മർത്തശ്മുനിയമ്മയുടെയും അവരുടെ ഏഴ് മക്കളുടെയും നാമത്തിൽ സ്ഥാപിതമായിരിക്കുന്ന പള്ളിയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ പള്ളിയുടെ വടക്കേ ഭിത്തിയിൽ കൂടി ഒരു സ്ത്രീയും ഏഴു കുട്ടികളും പടിഞ്ഞാറുനിന്ന് കിഴക്കോട്ട് നടന്നു പോകുന്ന അത്ഭുത പ്രവർത്തിക്ക് സാക്ഷി ആകുകയും ചെയ്യുകയുണ്ടായി. (ഇതിന്റെ കൂടുതൽ വിവരങ്ങൾ യരുശലേം തീർത്ഥയാത്ര എന്ന ബഹു. അച്ചന്റെ പുസ്തകത്തിലുണ്ട്). സുറിയാനി സഭാചരിത്രം, ഹാശായുടെ പ്രമിയോൻ (മലയാളം), വി. കുർബ്ബാന തക്സാ മലയാളം ചേർത്തത്, യെരുശലേം തീർത്ഥയാത്ര, വായനാപ്പടി ഏവൻഗേലിയോൻ (പെസ്ഗോമാ സുറിയാനിയിൽ), അന്ത്യരാത്രി (പദ്യം) തുടങ്ങി 15 ൽ പരം പുസ്തകങ്ങൾ അച്ചൻ എഴുതിയിട്ടുണ്ട്.

ഉറച്ച സഭാവിശ്വാസിയും, അന്ത്യോഖ്യാ ഭക്തനുമായിരുന്ന ധീരനായ ക്രിസ്തുവിന്റെ ഈ ഭടൻ 69-ാമത്തെ വയസ്സിൽ ഉദര സംബന്ധമായ അസുഖത്തെ തുടർന്ന് 1969 ഡിസംബർ 22-ാം തീയതി കർത്താവിൽ നിദ്ര പ്രാപിക്കുകയും സ്വഇടവകയായ ചിങ്ങവനം ശാലേംപള്ളിയിൽ യഥാവിധി സംസ്കരിക്കപ്പെടുകയും ചെയ്തു. അച്ചന്റെ കബറടക്ക ശുശ്രൂഷയ്ക്ക് കാലം ചെയ്ത കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ ഏബ്രഹാം മോർ ക്ലീമ്മീസ് തിരുമേനി മുഖ്യ കാർമ്മികത്വം വഹിക്കുകയും ക്നാനായ സമുദായത്തിലെയും യാക്കോബായ സഭയിലെയും വൈദികശ്രേഷ്ഠരും അത്മായപ്രമുഖരും അടങ്ങുന്ന വൻ ജനാവലി സംബന്ധിക്കുകയും ഉണ്ടായി. ഈ ഭൂമിയിലെ ജീവിതം മാതൃകാപരമായി, അർത്ഥവത്തായി പൂർത്തിയാക്കി ദൈവനിയോഗപ്രകാരം കാലയവനികയിൽ തകിടിയിൽ യാക്കോബ് കശ്ശീശാ മറഞ്ഞിട്ട് 2019 ഡിസംബർ 22 ന് അൻപതുവർഷം പൂർത്തിയാകുന്നു. കാലയവനികക്കുള്ളിൽ മറഞ്ഞിട്ട് അൻപതു വർഷങ്ങൾ പിന്നിട്ടെങ്കിലും ഇന്നും ജാതിമത വ്യത്യാസമില്ലാതെ ജനമനസ്സുകളിൽ സജീവമായി ജീവിക്കുന്ന അച്ചന്റെ വ്യക്തിത്വവും ജീവിതമൂല്യങ്ങളും സജീവമായി നിലനിർത്തുന്നതിനുവേണ്ടി മാതൃ ഇടവകയിൽ അദ്ദേഹത്തിന്റെ പേരിൽ പാരീഷ്ഹാൾ നിർമ്മിക്കുകയും, അദ്ദേഹത്തിന്റെ ചരമദിനത്തിൽ എക്യുമെനിക്കൽ ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചുവരികയും ചെയ്യുന്നു. കൂടാതെ മഞ്ഞനിക്കരയിലേക്കുള്ള ചിങ്ങവനം സെന്റർ തീർത്ഥയാത്ര അച്ചന്റെ കബറിടത്തിൽ നിന്നുമാണ് ആരംഭിക്കുന്നത്. യജമാനൻ വരുമ്പോൾ അരകെട്ടി ഉണർവ്വോടെ ശുശ്രൂഷിക്കുവാൻ വന്ദ്യ ആചാര്യൻ തന്റെ പൗരോഹിത്യ ജീവിതത്തിൽ ശ്രദ്ധാലുവായിരുന്നു. അതുകൊണ്ടുതന്നെ 'നല്ലവനും വിശ്വസ്തനുമായ ദാസൻ' എന്ന പേരിന് അച്ചൻ അർഹനാണ്. കർത്താവിന്റെ വരവിൽ നീതിയുടെ കിരീടം പ്രാപിക്കുന്നവരുടെ സ്വർഗ്ഗീയമേശയിൽ ജീവവൃക്ഷത്തിന്റെ തണലിൽ വന്ദ്യ യാക്കോബു കശ്ശീശായുടെ സാന്നിദ്ധ്യം ദർശിക്കുവാൻ നമുക്കേവർക്കും സാധിക്കട്ടെ. ●

## എഡിറ്റോറിയൽ തുടർച്ച

നിലനിൽപ്പിനു തന്നെ വലിയഭീഷണി ഉയർത്തുന്നപദ്ധതികൾ കൊണ്ടു വരുന്നു. ഈ പദ്ധതികളെ ഉത്തേജിപ്പിക്കുമെന്നതിനാൽ രാജ്യം ഇപ്പോൾ ഹാനികരമായ ഒരു വൈരുദ്ധ്യത്തിൽ തളയ്ക്കപ്പെട്ടിരിക്കുന്ന അവസ്ഥയിലാണ്.

ലോക കാലാവസ്ഥാ പഠന സംഘടന പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നത് ഭൂഗോളം അതിവേഗം ചൂടായിക്കൊണ്ടിരിക്കുകയാണെന്നാണ്. 2019 കാലം രേഖപ്പെടുത്തപ്പെട്ടതിലെ ഏറ്റവും ചൂടുകൂടിയ ഒരു കാലഘട്ടമായിരുന്നു. കാർബൺഡൈ ഓക്സൈഡിന്റെ ബഹിർഗമനം ഏറ്റവും കൂടിയ നിലയിലായിരുന്നു. അതുകൊണ്ട് അന്തരീക്ഷതാപം ഏറ്റവും കൂടുതൽ ഉയരാൻ കാരണമാകുന്നു. സമുദ്രജലനിരപ്പ് അതിവേഗം ഉയർന്നുകൊണ്ടിരിക്കുകയാണ്. കടലിലെ താപനില 1970 നു ശേഷം നിരന്തരമായി ഉയർന്നുകൊണ്ടിരിക്കുകയാണ്. കടലിലെ ഉഷ്ണക്കാറ്റും അടിക്കടി ഉയർന്നുകൊണ്ടിരിക്കുകയാണ്. ഈ രീതിയിൽ കാലാവസ്ഥ വ്യതിയാനം പോയാൽ ഭൂമിക്ക് എന്തു സംഭവിക്കും എന്നു പ്രവചിപ്പാൻ സാദ്ധ്യമല്ല എന്ന് I.P.C.C. റിപ്പോർട്ട് പറയുന്നു. ഇതെല്ലാം വരുവാനിരിക്കുന്ന അന്ധകാരത്തിന്റെ കരിനിഴലുകൾ വീണു തുടങ്ങിയതിന്റെ ലക്ഷണമാണ്. അത് നമ്മുടെ മേൽ വീഴാതിരിക്കണമെങ്കിൽ 2020-ലേക്കു പ്രവേശിക്കുമ്പോൾ മുതൽ കരുണയ്ക്കായി അപേക്ഷിക്കണം. പ്രാർത്ഥനയുടെ വർഷമായി പുതുവത്സരം പ്രഖ്യാപിക്കാം. ബഹുമാന്യ മാസികമിത്രങ്ങൾക്കെല്ലാം 2020 ലെ മംഗളങ്ങൾ ആശംസിക്കുന്നു.

**എന്ന് നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# വിവാഹിതരായി



Advt - O

റാന്നി സെന്റ് തോമസ് വലിയ പള്ളി ഇടവകയിൽപ്പെട്ട കൈപ്പുഴ വിൽസൺ തോമസിന്റെയും മിനി വിൽസന്റെയും മകൻ **Tom** ഉം ഇടക്കുളം സെന്റ് തോമസ് കുരിശുപള്ളി ഇടവകയിൽപ്പെട്ട റെജി ജേക്കബിന്റെയും കൊച്ചുമോൾ റെജിയുടെയും മകൾ **Dona Reji** ഉം തമ്മിൽ 24-08-2019 ന് റാന്നി സെന്റ് തോമസ് വലിയ പള്ളിയിൽ വിവാഹിതരായി.

# ക്നാനായ അതിഭദ്രാസനം മെറിറ്റ് അവാർഡ് 2019
## ബഹു. വനം വകുപ്പ് മന്ത്രി കെ. രാജു ഉദ്ഘാടനം ചെയ്യുന്നു








## 25-ാം വിവാഹ വാർഷികം
02-01-2020



**ജോണിക്കുട്ടി പി. കെ & സജിതാ ജോണിക്കുട്ടി**

കൊച്ചുപാറാവേലിൽ
തൃക്കോതമംഗലം, വാകത്താനം

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം നടത്തി

ആശംസകളോടെ മക്കൾ
ജോൺസൺ & ജസ്‌വിൻ

Advt - O

## 50th Wedding Anniversary
28-12-2019



**Prof. P. K. Skariah &**
**Anie Skariah**

Kunnathil Villa, Kottayam - 1

Prayerful Greetings from,

| | |
|---|---|
| Jenu & Julie | Ajal, Emil |
| Joe & Ligi | Justin, Austin |
| Jiya & Jobby | Mievel, Meekha, Miguel |

Advt -R

# കാനേശ് 2019

## ക്നാനായ കോൺഗ്രസ് നേതൃസംഗമവും U.A.E യൂണിറ്റുകളുടെ ഉദ്ഘാടനവും



ഷാർജ സെന്റ് മേരീസ് ക്നാനായ പള്ളി



ദുബായ് സെന്റ് ജോർജ്ജ് ക്നാനായ പള്ളി



അബുദാബി മാർ ഗ്രിഗോറിയോസ് ക്നാനായ പള്ളി



ഫാ. ഡോ. തോമസ് ഏബ്രഹാം മലേച്ചേരിലിന് അനുമോദനം




# ST. PETER'S KNANAYA SYRIAN ORTHODOX CHURCH

**DOHA--QATAR**

## YOUTH COMMITTEE MEMBERS 2019-2020



REV. FR. CHERIAN KOOTTOTHARA
PRESIDENT



GIJO ZACHARIA KALATHIL
YOUTH COORDINATOR



JACKSON JOSEPH MANIMALAYIL
YOUTH SECRETARY



ROBIN SIMON MULAMOOTTIL
YOUTH TRUSTEE



BIJOY KURUVILLA KANDATHIL PARAMPIL
COMMITTEE MEMBER



OBIN ABRAHAM CHIRAYIL (MAKONTHARAYIL)
COMMITTEE MEMBER



AJISH ALEX EDAYADIYIL
COMMITTEE MEMBER



ROJI ABRAHAM KATTUVELIL
COMMITTEE MEMBER



THOMAS ABRAHAM VALUPARAMBIL
COMMITTEE MEMBER



JERIN KURIAN VADAKKEPARAMBIL
COMMITTEE MEMBER



BIBIN KURIAN MATTAKKAD
COMMITTEE MEMBER



JOJI ABRAHAM PACHEMKULATHU
COMMITTEE MEMBER



ROHITH JAMES KURIANPARAMBIL
COMMITTEE MEMBER



KEBIN K KURIAN KUTTIYIL
COMMITTEE MEMBER



PHILIP STEPHEN MELEKUTTU
COMMITTEE MEMBER



PRISTIN JAMES KURIANPARAMBIL
COMMITTEE MEMBER

**കഴിഞ്ഞ ലക്കം തുടർച്ച**

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

## ആശയവിനിമയം (Proper Communication)

വിഭവസമൃദ്ധമായ ഊണ് ആസ്വദിച്ചു. ഐസ് ക്രീമും നുണഞ്ഞ് ആ റസ്റ്റോറന്റിലെ ഒരു വലിയ മരത്തിന്റെ തണലിൽ വിശ്രമം തരപ്പെടുത്തി. വെയിലിന്റെ വലിയ ആധിക്യം കുറഞ്ഞപ്പോൾ കുട്ടികൾ കളിക്കുവാൻ അനുവാദം ചോദിച്ചു പാർക്കിലേക്ക് ഓടി. സൗകര്യപ്രദമായ മറ്റൊരിടം അന്വേഷിച്ചു ജോസഫും ലിസിയും അച്ചനോടൊപ്പം പാർക്കിലൂടെ നടന്നു. വന്നതിനെക്കാൾ കൂടിയ ഉന്മേഷത്തിലാണ് ജോസഫും ലിസിയും. പിണക്കത്തിനുശേഷമുള്ള കൂടിച്ചേരലിൽ കൂടുതൽ മധുരം ഉള്ളതുപോലെ. മാത്രമല്ല അച്ചന്റെ വിജ്ഞാനപ്രദമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും തങ്ങളുടെ ജീവിതത്തിന് ഒരു പുതിയ രൂപവും ഭാവവും പ്രദാനം ചെയ്തതുപോലെ. ഒരു മാവിന്റെ ശീതളഛായയിൽ പാടത്തു നിന്നും വീശുന്ന കാറ്റിന്റെ സുഖവും നുകർന്ന് അവർ ഒരു ചാരുബഞ്ചിലിരുന്നു. ചാഞ്ഞുകിടന്ന മാവിന്റെ ചില്ലയിൽ പിടിച്ചുകൊണ്ട് അച്ചൻ ഉന്മേഷത്തിലായിരിക്കുന്ന ദമ്പതികളെ നോക്കി പുഞ്ചിരിച്ചു.

"എന്നെന്നും ഈ ഉന്മേഷമുണ്ടായിരിക്കട്ടെ. ഈ ഉന്മേഷം നഷ്ടമായാൽ കുടുംബജീവിതം പരമബോറാകും. വാർദ്ധക്യം വരെയും അല്ല മരണം വരെയും നിലനിൽക്കുന്ന ഉന്മേഷം ദൈവം നിങ്ങൾക്കു നൽകട്ടെ. മക്കളിലേക്കും അവരുടെ തലമുറകളിലേക്കും ഈ ഉന്മേഷം പകരട്ടെ".

അച്ചൻ ഹൃദയം നിറഞ്ഞ് അവരെ അനുഗ്രഹിച്ച് ആശീർവദിക്കുകയാണ്. അച്ചന്റെ ഹൃദയത്തിന്റെ അന്തർഭാഗത്ത് നിന്നും വരുന്ന ആശീർവാദം ആത്മാവിൽ തൊടുന്നതായി അവർക്കു മനസ്സിലായി. അച്ചനോടുള്ള കൃതജ്ഞതയാൽ അവരുടെ ഹൃദയം മാത്രമല്ല കണ്ണുകളും നിറഞ്ഞു. ഇങ്ങനെ സ്നേഹിക്കുന്ന ഒരു വികാരി അച്ചനെ ലഭിച്ചതിൽ അവർ ദൈവത്തെ ഹൃദയപൂർവ്വം സ്തുതിച്ചു.

"അച്ചോ, ദൈവജനത്തിന്റെ നിലവിളിയുടെ മറുപടിയാണ് പുരോഹിതന്റെ ദൈവവിളി എന്നു ഞാൻ കേട്ടിട്ടുണ്ട്. ഞങ്ങളുടെ പിതാക്കന്മാർ ഞങ്ങൾക്കു നല്ല ഇടയന്മാരെ നൽകണമേയെന്ന് ദൈവസന്നിധിയിൽ പ്രാർത്ഥിച്ചതിനു ഫലമായിട്ടാണ് ദൈവം അച്ചനെ ഞങ്ങളുടെ ഇടവകയിലേയ്ക്ക് വികാരിയായി അയച്ചത്. അച്ചന്മാരെല്ലാവരും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നല്ലവരാണ്. പക്ഷെ ഞങ്ങൾക്ക് വേണ്ടിയാണ് അച്ചനെ ദൈവം ഈ ഇടവകയിലേയ്ക്ക് അയച്ചുതന്നതെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

ജോസഫ് വികാരാധീനനായി പറഞ്ഞു.

"ശരിയാണ്, ജോസഫ് പറഞ്ഞത് ശരിയാണ്. എല്ലാ വൈദികരും വിവിധ കഴിവുകളാൽ അനുഗ്രഹിക്കപ്പെട്ടവരാണ്. പക്ഷെ ഇടവകജനങ്ങൾ വൈദികരെ തിരിച്ചറിയുകയും അവരുടെ കഴിവുകൾ പ്രയോജനപ്പെടുത്തുകയും ചെയ്യണം. ഇവിടെ നിങ്ങളുടെ വിഷയത്തിൽ ഞാൻ ഇടപെട്ടത് എന്റെ കഴിവല്ല. പിന്നെയോ എന്റെ ശുശ്രൂഷയാണ്. ദൈവം എന്നെ ഏല്പിച്ച ശുശ്രൂഷ. എന്റെ ഇടവകമെത്രാപ്പോലീത്താ എന്നെ ഭരമേല്പിച്ച ശുശ്രൂഷ. ഞാൻ അത് നിർവ്വഹിക്കുന്നുവെന്നെയുള്ളൂ. ഇവിടെ എന്റെ വ്യക്തിപരമായ നന്മയൊന്നുമില്ല. നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിച്ചാൽ മതി". അച്ചന്റെ വാക്കുകൾക്ക് അവർ ചെവി കൊടുത്തു.

ജോസഫിന്റെയും ലിസിയുടെയും ശ്രദ്ധക്ഷണിച്ചുകൊണ്ട് അച്ചൻ വീണ്ടും സംസാരിച്ചുതുടങ്ങി. കുടുംബജീവിതത്തിൽ ആശയവിനിമയത്തിന്റെ പ്രസക്തി തിരിച്ചറിയുന്ന ദമ്പതികൾ ജീവിതവിജയം കൈവരിക്കും. അച്ചൻ ഒരു പുതിയ ആശയം പങ്കുവയ്ക്കുവാനുള്ള ശ്രമത്തിലാണ്.

ഈ പാർക്കിൽ നിന്നും തിരിച്ചുപോകുവാൻ ഇനിയും ധാരാളം സമയമുണ്ട്. ആശയവിനിമയത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ചിന്തിക്കാം. ആശയവിനിമയം ശരിയായ ദിശയിലാകണമെങ്കിൽ ഭാര്യാഭർത്താക്കന്മാർ ഉത്തമരായിരിക്കണം. കുടുംബജീവിതത്തിന്റെ ഭദ്രതയ്ക്കും വളർച്ചയ്ക്കും ശരിയായ ആശയവിനിമയം (Proper Communication) സുപ്രധാന പങ്കുവഹിക്കുന്നു. സൗഹൃദാന്തരീക്ഷം ഭവനത്തിൽ സൃഷ്ടിക്കുവാൻ ഭാര്യാഭർത്താക്കന്മാർ ശരിയായ ആശയവിനിമയത്തിലൂടെ ശ്രദ്ധിക്കണമെന്ന് അച്ചൻ പറഞ്ഞു തുടങ്ങി.

അഭിപ്രായഭിന്നതയും ആശയക്കുഴപ്പങ്ങളും എല്ലാ കുടുംബങ്ങളിലും കണ്ടുവരാറുണ്ട്. രണ്ട് വിഭിന്ന വ്യക്തിത്വങ്ങൾ ഒരുമിച്ചു ജീവിക്കുമ്പോൾ അഭിപ്രായഭിന്നത സാധാരണമാണ്. ഇങ്ങനെയുള്ള അവസരങ്ങളിൽ ഒരു Positive approach ഉണ്ടാകണം. ഇഷ്ടാനിഷ്ടങ്ങൾ വൈമനസ്യം കൂടാതെ പറയണം. ചില സാഹചര്യങ്ങളിൽ പങ്കാളിയോട് No പറയേണ്ടി വരും. അപ്രകാരം No പറയുന്നത് കുറ്റമായി കാണരുത്. No പറയുന്നതിനുള്ള ധൈര്യം ഉത്തമരായ ദമ്പതികൾക്ക് ഉണ്ടാകണം. പങ്കാളിയോട് No പറഞ്ഞാൽ കുടുംബബന്ധം തകരുമെന്ന് തെറ്റിദ്ധരിക്കേണ്ട. ശീതസമരങ്ങളും സൗന്ദര്യപിണക്കങ്ങളും കുടുംബജീവിതത്തിൽ സർവ്വസാധാരണമാണ്. കുടുംബതകർച്ചയുടെ ലക്ഷണങ്ങളായി അവയെ കാണരുത്. മനസ്സ് തുറന്നു സംസാരിക്കുന്നവരുടെ ഇടയിൽ ഇത്തരം പൊരുത്തക്കേടുകൾ കാണാറുണ്ട്. എന്നാൽ ഇത്തരം പൊരുത്തക്കേടുകളെ തന്നെ ചർച്ചയിലൂടെ പരിഹരിക്കുവാൻ കഴിയും. പൊരുത്തങ്ങളും പൊരുത്തക്കേടുകളും മനസ്സുതുറന്നു സംസാരിച്ചാൽ മാത്രമെ മനസ്സിലാക്കുവാനും തിരുത്തുവാനും കഴിയൂ. വാക്കുകളിലൂടെ മാത്രമല്ല നോട്ടം, സ്പർശനം, ചിരി എന്നിവയൊക്കെ ആശയവിനിമയത്തിനുള്ള വഴികളാണ്.



നിസ്സാരകാര്യങ്ങൾക്കുപോലും ശണ്ഠകൂടുന്ന ഭാര്യാഭർത്താക്കന്മാരുണ്ട്. അവർ ഒരു പക്ഷെ ക്ഷിപ്രകോപികളും ക്ഷിപ്രപ്രസാദികളുമായിരിക്കാം. പക്ഷെ കൊച്ചുകൊച്ചുതെറ്റുകൾ പൊറുക്കുവാനും പിണക്കങ്ങൾ പറഞ്ഞവസാനിപ്പിക്കാനും ശ്രദ്ധിക്കണം.

Adjustment അല്ല Understanding ആണ് ഉണ്ടാകേണ്ടത്. ജീവിതപങ്കാളിയെ ശരിയായ രീതിയിൽ മനസ്സിലാക്കി പ്രവർത്തിക്കണം. അതിന് മനസ്സുതുറന്നു സംസാരിക്കണം. പ്രശ്നങ്ങൾ മനസ്സിലിട്ട് വളർത്തുവാൻ ശ്രമിക്കരുത്. കുറ്റം ചൂണ്ടിക്കാണിക്കുന്നതും ഏറ്റുപറയുന്നതും ക്ഷമിക്കുന്നതും നല്ല കുടുംബത്തിന്റെ ലക്ഷണമാണ്.

"സൂര്യൻ അസ്തമിക്കുവോളം കോപം വച്ചുകൊണ്ടിരിക്കരുത്" (വി.ബൈബിൾ).

എന്തു പ്രശ്നങ്ങൾ ഉണ്ടായാലും ഉറങ്ങുന്നതിനുമുമ്പ് പ്രശ്നങ്ങൾ പറഞ്ഞ് പരിഹരിക്കണം. മനസ്സിനേറ്റ മുറിവ് പൊറുക്കണമെങ്കിൽ പറഞ്ഞുതീർക്കണം. അതിനുള്ള ധൈര്യവും സ്വാതന്ത്ര്യവും ദമ്പതികൾക്കുണ്ടാകണം. ആത്മവിശ്വാസമുള്ള ഉത്തമദമ്പതികൾ പ്രശ്നങ്ങളെ തുറന്നുകാട്ടുന്നവരും പരിഹരിക്കുവാൻ പരിശ്രമിക്കുന്നവരുമാണ്. പിണങ്ങി ഉറങ്ങരുത്. മുറി മാറി കിടക്കരുത്. കിടക്ക മാറി ഉറങ്ങരുത്.

ആരുടെ ഭാഗത്താണോ തെറ്റുവന്നിരിക്കുന്നത് ആ വ്യക്തി നിരുപാധികം മാപ്പുപറയണം. പങ്കാളി തെറ്റുചൂണ്ടിക്കാണിക്കുമ്പോൾ മാപ്പ് പറയുന്നത് ബലഹീനതയല്ല, മാന്യതയാണ്. മാപ്പ് പറയുന്ന വ്യക്തിയെ ചേർത്ത് പിടിക്കുന്നതും സ്നേഹം പ്രകടിപ്പിക്കുന്നതും ആ വ്യക്തിയെ ഉൾക്കൊള്ളുന്നുവെന്ന സൂചനയാണ്. കുടുംബഭദ്രതയ്ക്ക് ഏറ്റുപറച്ചിൽ അനിവാര്യമാണ്. തെറ്റുചൂണ്ടികാണിക്കുമ്പോൾ ന്യായീകരിക്കുവാൻ ശ്രമിക്കരുത്. ദമ്പതികൾ തമ്മിലുള്ള പ്രശ്നങ്ങൾ മറ്റൊരു വ്യക്തി അറിയാതിരിക്കുന്നതാണ് കൂടുതൽ അഭികാമ്യം. അതിനാൽ നിങ്ങളുടെ കിടപ്പറയ്ക്ക് വെളിയിൽ നിങ്ങളുടെ പ്രശ്നങ്ങൾ എത്താതിരിക്കുന്നതിന് ശ്രദ്ധിക്കണം.

ജോസഫ് ഉടനെ ഇടയ്ക്കു കയറി പറഞ്ഞു.

"അച്ചോ, ലിസി ഞങ്ങളുടെ ജീവിതത്തിൽ എന്തു സംഭവിച്ചാലും നിസ്സാരമാണെങ്കിലും ഗൗരവമുള്ളതാണെങ്കിലും ഉടനെ അവളുടെ അമ്മയോടു പറയും".

ലിസിയുടെ മറുപടി പെട്ടെന്നായിരുന്നു.

"അതിനെന്താണ് കുഴപ്പം. എന്റെ അമ്മയോടല്ലെ പറഞ്ഞത്. മറ്റാരോടുമല്ലല്ലോ? ഞാനും എന്റെ അമ്മയും സുഹൃത്തുക്കളെപ്പോലെയാണ്. എന്റെ അമ്മ നമുക്കു ദോഷമായിട്ടൊന്നും ചെയ്തിട്ടില്ലല്ലോ"?

"ലിസി, അമ്മയോട് പറയുന്നതിൽ കുഴപ്പമൊന്നുമില്ല. എങ്കിലും നിങ്ങളുടെ സ്വകാര്യത അമ്മയോടായാലും എല്ലാമൊന്നും പറയാതിരിക്കുന്നതല്ലെ നല്ലത്. പ്രത്യേകിച്ച് ജോസഫിന് ഇഷ്ടമല്ലാത്ത സാഹചര്യത്തിൽ". അച്ചൻ ജോസഫിന്റെ പക്ഷം ചേർന്നു.

"അമ്മയോട് സംസാരിക്കുമ്പോൾ മനസ്സിനൊരു ആശ്വാസമാണ്. ജോസച്ചായനെയും കുടുംബക്കാരെയും അമ്മയ്ക്ക് ജീവനാണ്. എന്നോടെപ്പോഴും പറയും എന്റെ മകളുടെ ഭാഗ്യമാണ് ഈ കുടുംബത്തിൽ ചെന്ന് കയറിയത്. മാത്രമല്ല ചിലപ്പോൾ എനിക്കു തോന്നും അമ്മയ്ക്ക് എന്നെക്കാൾ കാര്യം ജോസച്ചായനോടാണെന്ന്".

ലിസിയുടെ വാക്കുകൾ കേട്ടപ്പോൾ അല്പം കുറ്റബോധത്തോടെ ജോസഫ് പറഞ്ഞു.

"ലിസി എന്നെ തെറ്റിദ്ധരിക്കരുത്. അമ്മയോട് പറയുന്നതിൽ പരാതിയുണ്ടായിട്ടല്ല. എല്ലാം പറയണമോ എന്നു മാത്രമെ ഞാൻ ഉദ്ദേശിച്ചുള്ളൂ."

"ഏതായാലും രണ്ടുപേർക്കും കാര്യം മനസ്സിലായല്ലോ" അതു മതി.

അച്ചൻ ആ വിഷയത്തിന് അവസാനമിട്ടു.

"പിണങ്ങി ഉറങ്ങരുത്" എന്നു പറഞ്ഞാൽ പിണക്കം ഉണ്ടായാൽ പറഞ്ഞു തീർക്കാതെ ഉറങ്ങരുത്. അങ്ങനെ ഉറങ്ങിയാൽ സാത്താൻ നിങ്ങളുടെ കൂട്ടത്തിൽ കിടക്കുകയും നിങ്ങളെ തമ്മിൽ കൂടുതൽ അകറ്റുവാൻ ശ്രമിക്കുകയും

ചെയ്യും. "പിശാചിന് ഇടം കൊടുക്കരുത്" (എഫേ 4:27). പിണക്കം വന്നാൽ വീടുവിട്ട് പോകുകയോ, മുറിമാറി കിടക്കുകയോ, ഒറ്റ കട്ടിലിൽ പിന്തിരിഞ്ഞ് കിടക്കുകയോ ചെയ്യരുത്. പ്രശ്നങ്ങൾ പറഞ്ഞ് തീർത്ത് മുഖാമുഖം കിടക്കണം. മുഖത്തോടു മുഖം നോക്കി മനസ്സ് നിറഞ്ഞ് ഒന്നു പുഞ്ചിരിക്കണം. പിന്നീട് വർദ്ധിച്ച സ്നേഹത്തോടും സന്തോഷത്തോടും കൂടി ആലിംഗനബദ്ധരായി ഉറങ്ങണം. ആ ഉറക്കം കഴിഞ്ഞ് പിറ്റേദിവസം രാവിലെ ഉണരുമ്പോഴുള്ള ഉന്മേഷം മറ്റൊന്നിനും പകരം വയ്ക്കാൻ കഴിയില്ല.

ആശയവിനിമയം എന്നു പറഞ്ഞാൽ വ്യക്തിപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മാത്രമല്ല നിങ്ങളെയും നിങ്ങളുടെ കുടുംബജീവിതത്തെയും ബന്ധപ്പെടുത്തിയുള്ള ഏതൊരു വിഷയങ്ങളും ചർച്ച ചെയ്യണം. ജോലിസ്ഥലത്തെ പ്രശ്നങ്ങൾ, ഉന്നതോദ്യോഗസ്ഥന്മാരുടെ സമ്മർദ്ദങ്ങൾ, സഹപ്രവർത്തകരുടെ സഹകരണകുറവ്, കുടുംബക്കാരിൽ നിന്നും സുഹൃത്തുക്കളിൽ നിന്നുമുണ്ടാകുന്ന വേദനാജനകമായ അനുഭവങ്ങൾ, രസകരമായ അനുഭവങ്ങൾ, ഭാവിയെക്കുറിക്കുന്ന വിഷയങ്ങൾ, സാമ്പത്തിക വിഷയങ്ങൾ, ആത്മീകകാര്യങ്ങൾ അങ്ങനെ എന്തെല്ലാം പറയുവാനുണ്ട് ഒരു ദാമ്പത്യ ജീവിതത്തിൽ. തുറന്ന ചർച്ച മാതൃകാ കുടുംബത്തിന്റെ ലക്ഷണമാണ്.

"അച്ചോ ഇക്കാര്യത്തിൽ അച്ചന് ലിസി ആവശ്യമെങ്കിൽ ക്ലാസ്സെടുക്കും. എന്റെ അച്ചോ, എന്തെല്ലാം കാര്യങ്ങളാണ് ലിസിക്കു പറയുവാനുള്ളതെന്നോ? രാഷ്ട്രീയത്തെക്കുറിച്ച് അത്രയ്ക്ക് ജ്ഞാനം പോരാ. അതെന്റെ ഭാഗ്യം. അല്ലെങ്കിൽ ആ വിഷയം കൂടി ഞാൻ കേൾക്കേണ്ടി വന്നേനെ. ആകാശത്തിന് കീഴിലും ഭൂമിക്കു മുകളിലുമുള്ള എല്ലാ കാര്യങ്ങളും ഞങ്ങളുടെ ചർച്ചയിൽ ഉൾപ്പെടും. ജോസഫ് പറഞ്ഞു.

ലിസിയെ സഹായിക്കുവാൻ അച്ചൻ എത്തി.
"ജോസഫ് കളിയാക്കുകയൊന്നും വേണ്ട. മാതൃകാദാമ്പത്യ ജീവിതത്തിൽ മനസ്സ് തുറന്നു സംസാരിക്കുന്ന ഏതൊരു സ്ത്രീയ്ക്കും ലിസിയുടെ മനോഭാവമായിരിക്കും".

ലിസിക്കു ആശ്വാസമായി, ലിസി പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു:

"അച്ചോ, ജോസച്ചായൻ പലകാര്യങ്ങളും മറന്നുപോകും. എന്നോട് പറയണമെന്ന് പറഞ്ഞ് ഏല്പിക്കുന്ന കാര്യങ്ങൾപോലും ചിലപ്പോൾ പറയാൻ വിട്ടുപോകും. അതൊക്കെ ഓർപ്പിക്കുന്നതിന് എന്റെ ഈ തുറന്നു സംസാരിക്കുന്ന രീതി നല്ലതാണെന്ന് എന്റെ അഭിപ്രായം. ഒരിക്കൽ എന്റെ അമ്മയുടെ അനുജത്തിയുടെ മകൾ പ്രസവിച്ചു. ഞങ്ങളൊക്കെ ഒത്തിരി പ്രാർത്ഥിച്ചതാണ് അവൾക്കുവേണ്ടി. അഞ്ചുവർഷം കൂടിയാണ് ആദ്യത്തെ കുഞ്ഞ് ജനിക്കുന്നത്. ആ വിവരം എന്നെ അറിയിക്കുവാൻ പറഞ്ഞിട്ടുപോലും എന്നോട് പറയുവാൻ ജോസച്ചായൻ മറന്നുപോയി. അവളുടെ വിവരം ഒന്നും അറിഞ്ഞില്ലല്ലോയെന്ന് ഞാൻ പറഞ്ഞപ്പോൾ അതും പിറ്റേദിവസം രാവിലെയാണ് ആന്റി ജോസച്ചായനോട് മോൾ പ്രസവിച്ചകാര്യം പറഞ്ഞത് എന്ന് ഓർക്കുന്നതും എന്നോട് പറയുന്നതും. അതിലും രസം പ്രസവിച്ചെന്ന് പറഞ്ഞതെ ജോസച്ചായൻ ഓർക്കുന്നുള്ളൂ. കുട്ടി എന്താണെന്നു ചോദിച്ചപ്പോൾ പറയുകയാണ് ആണോ, പെണ്ണോ ഏതാണ്ടൊന്നാണെന്ന്".

ലിസി പറഞ്ഞുനിർത്തിയതും അച്ചൻ പൊട്ടിച്ചിരിച്ചുപോയി.

"ലിസി, പുരുഷന്മാർ പലരും ഇങ്ങനെയാണ്. ജോസഫിനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അവർ ഇങ്ങനെയുള്ള കാര്യങ്ങളിൽ അത്ര ശുഷ്കാന്തിയുള്ളവരല്ല". അച്ചൻ പറഞ്ഞു.

"അച്ചോ, ലിസി എങ്ങനെയാണെന്നോ? ഒരു പ്രസവവിവരം പറഞ്ഞാൽ കുട്ടി ആണോ, പെണ്ണോ എന്ന് മാത്രമല്ല; കുട്ടിയുടെ തൂക്കം, ഓപ്പറേഷൻ ആണോ നോർമൽ ആണോ, എന്ന് ഡിസ്ചാർജ് ചെയ്യും, നിറവ്യത്യാസമുണ്ടോ, ആരുടെ മുഖം ആണ്, കറുത്തതാണോ, വെളുത്തതാണോ ഇങ്ങനെ എന്തെല്ലാം കാര്യങ്ങൾ ആണ് പറയുന്നത്".

ജോസഫിന്റെ തമാശ അച്ചനെ വീണ്ടും ചിരിപ്പിച്ചു.

"ഏതായാലും ഒട്ടും പറയാത്തതിലും ഭേദമാണ് വിശദമായ മറുപടി" ലിസിയും വിട്ടുകൊടുത്തില്ല.

എന്തായാലും മനസ്സുതുറന്ന് സംസാരിക്കുമ്പോൾ മനസ്സിന്റെ ഭാരം കുറയും മനസ്സുകൾ തമ്മിൽ അടുപ്പം കൂടും, ഇഴയടുപ്പം വർദ്ധിക്കും. ആശയവിനിമയത്തിന്റെ ലക്ഷ്യമിതാണ്.

●


# റബ്ബർതോട്ടം വിൽപനയ്ക്ക്

മുണ്ടക്കയം കോരുത്തോട് സി. കേശവൻ മെമ്മോറിയൽ സ്കൂളിനു അധിക ദൂരമല്ലാതെ 12.5 ഏക്കർ റബ്ബർ തോട്ടം വിൽപ്പനയ്ക്ക്.
1. പ്രസ്തുത തോട്ടം ഏറ്റവും വലിയ ശബരിമല നടപ്പാതയായ മുണ്ടക്കയം ശബരിമല റോഡിന്റെ അടുത്തായതുകൊണ്ട് റിസോർട്ട് നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലമാണ്.
2. നിർദ്ദിഷ്ട എരുമേലി വിമാനത്താവളത്തിൽ നിന്നും അധികം ദൂരെയല്ലാതെ സ്ഥിതി ചെയ്യുന്ന തോട്ടമാണ്.
3. ആർട്സ് & സയൻസ്/എൻജിനീയറിങ്ങ്/മെഡിക്കൽ കോളേജ് എന്നിവയ്ക്ക് യൂണിവേഴ്സിറ്റി നിർദ്ദേശിക്കുന്ന അളവിലുള്ളതും അനുയോജ്യമായ സ്ഥലമാണ്.

**ബന്ധപ്പെടേണ്ട നമ്പർ. +919495554448,**
**ആസ്ട്രേലിയ +61475086687**



# അറിയിപ്പ്

നമ്മുടെ സമുദായത്തിലെ പള്ളികളുടേയും അനുബന്ധ സ്ഥാപനങ്ങളുടേയും അച്ചടി ജോലികൾ (കളർ, ബ്ലായ്ക്ക് & വൈറ്റ്) നൽകി സമുദായത്തിന്റെ ഔദ്യോഗിക പ്രസ്സ് ആയ ക്ലീമ്മീസ് പ്രസ്സിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുക

മാനേജർ
ക്ലീമ്മീസ് പ്രസ്സ്
ക്ലീമ്മീസ് സെന്റർ, ചിങ്ങവനം
Ph: 9605250791



# താളം തെറ്റുന്ന യുവത്വം

**ഡോ. സുനിൽ ഡി. കുരുവിള**

പഠന മികവും സാമ്പത്തിക നേട്ടങ്ങളും മാത്രം ലക്ഷ്യം വെച്ച് ഓടുകയാണ് ഇന്ന് നമ്മുടെ വിദ്യാഭ്യാസ രംഗം. കുട്ടികളെ ഡോക്ടറും, എഞ്ചിനിയറും, IAS ഉം ഒക്കെ ആക്കിയെടുക്കാൻ പരക്കം പായുന്ന മാതാപിതാക്കൾ അതിനെ കൃത്യമായി മുതലെടുക്കാൻ തയ്യാറായി വിദ്യാഭ്യാസരംഗത്തു ചുവടുറപ്പിച്ച് കച്ചവടക്കാർ. ഇവിടെ തകർക്കപ്പെടുന്നത് വിദ്യാഭ്യാസമെന്ന മഹത്തായ പ്രവർത്തനവും; തോറ്റുപോകുന്നത് നമ്മുടെ കുട്ടികളുമാണ്. പ്രധാനമായും രണ്ടുതരം വിദ്യാഭ്യാസമാണ് ഇന്ന് രാജ്യത്ത് നിലനിൽക്കുന്നത്. ഒന്ന് 'വയറ്റിപ്പിഴപ്പ്' രാഷ്ട്രീയത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി മാത്രം രൂപപ്പെടുത്തുന്ന വിദ്യാഭ്യാസം. മറ്റൊന്ന് കച്ചവടക്കാർ വിഭാവനം ചെയ്തത്. അവിടെ കൊള്ളലാഭം മാത്രമാണ് ലക്ഷ്യം. ഇവ രണ്ടും തമ്മിൽ കൈകോർക്കുന്നതിന്റെ ലക്ഷണങ്ങളും ഇന്ന് കണ്ടുവരുന്നുണ്ട്.

യഥാർത്ഥ വിദ്യാഭ്യാസം ഒരു സാംസ്കാരിക പ്രവർത്തനമാണ്. അതിനെ നയിക്കുന്നത് ധാർമ്മികമൂല്യങ്ങളായിരിക്കണം. ലക്ഷ്യം വിദ്യാർത്ഥിയുടെ രൂപാന്തരവും, ശാക്തീകരണവും മികച്ച ഭാവിയുമാണ്. അർത്ഥവത്തായ മാനവശേഷി വികസനമാകണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. നല്ല പൗരനും നല്ല മനുഷ്യനും നല്ല നേതൃത്വവും രൂപപ്പെടേണ്ട പ്രക്രിയ. സമൃദ്ധിയായ ജീവിതം – അതാവട്ടെ നമ്മുടെ സാമൂഹിക വിദ്യാഭ്യാസ ലക്ഷ്യം.

കുട്ടികളുടെ ബാല്യമാണ് അവരുടെ ജീവിതത്തിന്റെ അടിസ്ഥാനം. അത് ആരോഗ്യപരവും സന്തോഷപരവുമാവണം. കുട്ടികളിൽ നല്ല സംസ്കാരവും മൂല്യങ്ങളും വിതക്കേണ്ടത് ബാല്യത്തിലാണ്. പഠനബുദ്ധിമുട്ടുകൾ, സ്വഭാവവിഷയങ്ങൾ, മാനസികവൈകാരിക വെല്ലുവിളികൾ ഒക്കെ ഈ ദിശയിൽ കണ്ടെത്താൻ കഴിഞ്ഞാൽ നല്ലതാണ്. ഈ ഘട്ടത്തിൽ ഭക്ഷണം സമീകൃതവും സംസ്കാരവുമുള്ളതുമാവണം. ബാല്യത്തിൽ ഏറ്റവും പ്രാധാന്യം കൊടുക്കേണ്ടത് കളികൾക്കാണ്. ഓടിച്ചാടി സമപ്രായക്കാരോടൊത്തുള്ള കളികൾ – ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും വൈകാരിക വളർച്ചയ്ക്കും ഇത് അനിവാര്യമാണ്. മാതാപിതാക്കളും പ്രൈമറി സ്കൂൾ അദ്ധ്യാപകരുമാണ് യഥാർത്ഥത്തിൽ രാജ്യശില്പികൾ. അവരിലുണ്ടാകുന്ന ഓരോ കുറവും തലമുറയുടെ– രാജ്യത്തിന്റെ കുറവാകും.

ഭവനങ്ങളിൽ നിന്നാണ് വിദ്യാഭ്യാസമാരംഭിക്കേണ്ടത്. കളിയും കലയും യാത്രയും ഊഷ്മള ബന്ധങ്ങളും, ലാളനയും, നല്ല വാക്കുകളും, കാഴ്ചകളും, അനുഭവങ്ങളും അവർക്ക് നല്കാം. പരിസ്ഥിതിയും, മണ്ണും, വെയിലും, മഴയും, ജീവജാലങ്ങളും ഒക്കെ അവരുടെ ജീവിതത്തോട് ചേർന്ന് നിൽക്കട്ടെ.

കൗമാരത്തെ ട്യൂഷൻ സെന്ററിൽ തളച്ചിടാതെയിരിക്കാം. വ്യക്തിത്വ വികസനത്തിന്റെ കാലഘട്ടമാണ് കൗമാരം. അദ്ധ്യാപകർ ഏറ്റവും കൂടുതൽ നേതൃത്വവും ദർശനവും കാണിക്കേണ്ട കാലമാണിത്. പഠിക്കുന്ന കുട്ടിയും പഠിക്കാത്ത കുട്ടിയും എന്ന രണ്ട് തരം കുട്ടികളെ സൃഷ്ടിക്കലല്ല വിദ്യാഭ്യാസം. ഓരോ കുട്ടിയേയും മനസ്സിലാക്കേണ്ട



തുണ്ട്. ഓരോ കുട്ടിയേയും അവരുടെ വളർച്ചാവശ്യങ്ങൾ മനസ്സിലാക്കി തിരിച്ചറിഞ്ഞ് വികസിപ്പിക്കേണ്ടതുണ്ട്.

കുട്ടികളുടെ മാനസിക വൈകാരിക താളം എപ്പോഴും ശ്രദ്ധിക്കണം. പഠന മികവും മാനസിക ആരോഗ്യവും തമ്മിൽ ബന്ധമൊന്നുമില്ല. പഠനമികവുള്ള പല കുട്ടികളിലും പലപ്പോഴും വ്യക്തിത്വപ്രശ്നങ്ങൾ കാണാറുണ്ട്. ആരും അവരുടെ മികവിന്റെ പ്രഭയിൽ അതൊന്നും ശ്രദ്ധിക്കുന്നില്ലായെന്നതാണ് വാസ്തവം. കുട്ടികളുമായി ജീവനുള്ള നല്ല ആശയവിനിമയങ്ങൾ ഉണ്ടാവട്ടെ. കൗമാരം ആശയങ്ങളുടെയും തർക്കത്തിന്റെയും തത്വചിന്തയുടെയും ഒക്കെ കാലമാണ്. അവരുടെ ചിന്തയേയും മനോഭാവത്തെയും ഉയർത്താം. അവർ ആരാണെന്ന് തിരിച്ചറിയട്ടെ. അവരുടെ ലക്ഷ്യങ്ങൾ ഉന്നതമാവട്ടെ. അർത്ഥമുള്ളതും! ഭവനത്തിലെ സംഭാഷണങ്ങളിൽ മാർക്ക്, പഠനം, കരിയർ ഒക്കെ അല്പം പുറകോട്ട് നിൽക്കട്ടെ. ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതും പരസ്പരം മനസ്സിലാക്കുന്നതും, തിരിച്ചറിയുന്നതുമൊക്കെയാകട്ടെ ഭവനം.

കൗമാരത്തിൽ കുട്ടികൾക്ക് നല്ല സൗഹൃദങ്ങൾ ആവശ്യമുണ്ട്. അത് പ്രോത്സാഹിപ്പിക്കാം. കുട്ടികൾക്കനുസരിച്ചാണ് അവരുടെ parenting രീതി രൂപപ്പെടുത്തേണ്ടത്. പ്രതിസന്ധികളെ – വെല്ലുവിളികളെ നേരിടാൻ അവർ പഠിക്കട്ടെ. 'No' പറയാൻ മടിക്കേണ്ട. വീഴുന്നത് കുറവല്ല എഴുന്നേൽക്കാൻ അറിയാത്തതാണ് കുറവ്. ഏതു വിഷമഘട്ടങ്ങളിലും അവർക്ക് അടുത്തുവരാൻ ആശയവിനിമയം നടത്താൻ പാകത്തിന് അവരോട് ചേർന്ന് നിൽക്കാം. അവർ ഒറ്റയ്ക്കല്ല എന്ന് അവർ തിരിച്ചറിയട്ടെ. മതമല്ല; ദൈവത്തെയാണ് അവരുടെ ഹൃദയത്തിൽ പാകേണ്ടത്. ഏതു കയറ്റത്തിനും ശേഷം ഒരിറക്കമുണ്ടെന്നും; രാത്രിക്കുശേഷം പകലാണെന്നും അവരെ ഓർമ്മിപ്പിക്കാം. ജീവിതം എന്നും ഒരു സുഖാനുഭവമല്ലെന്നും, വിനോദമല്ലെന്നും അവർ തിരിച്ചറിയണം. വീഴ്ചകളാണ്, തോൽവികളാണ് ഒരു ഉത്തമ വ്യക്തിയെ രൂപീകരിക്കുന്നത്. തോൽക്കാൻ മടിയുള്ളവന് എങ്ങനെ നിലനിൽക്കുന്ന വിജയം നേടാൻ കഴിയും. പരാജയങ്ങളിൽ നിന്ന് പഠിക്കാൻ കഴിയട്ടെ! കോച്ചിങ്ങും, Spoon feeding ഉം അല്ല അവർക്കാവശ്യം; അനുഭവങ്ങൾ നൽകാം. പ്രായത്തിനനുസരിച്ചുള്ള ഉത്തരവാദിത്വങ്ങൾ നൽകാം. വേരുകൾ ഉറപ്പിക്കാം; ചിറകുകൾ താനെ ബലപ്പെട്ടുകൊള്ളും.

ഞാൻ കഷ്ടപ്പെട്ടാണ് വളർന്നത്. അതുകൊണ്ട് എന്റെ കുട്ടികൾ കഷ്ടപ്പെടരുത് – ഈ മനോഭാവമാണ് കുട്ടികളെ പലപ്പോഴും 'broiler' ആക്കി മാറ്റുന്നത്. അവരുടെ പ്രയാസങ്ങളും യാഥാർത്ഥ്യങ്ങളുമൊക്കെ അറിഞ്ഞു വളരട്ടെ. വാശി സാധിച്ചുകൊടുത്തു വളർത്തുമ്പോൾ നമ്മൾ അവരെ നാശത്തിലേക്കോ, രോഗത്തിലേക്കോ, മരണത്തിലേക്കോ ആണ് നയിക്കുന്നത് എന്നോർക്കുക. എല്ലാം Google-ൽ ഉണ്ടെന്നും പണം കൊടുത്തു എന്തും വാങ്ങാമെന്നുമുള്ള 'മൂല്യ'ബോധം അവർക്ക് നൽകാതിരിക്കാം. 'Fast track' വേണ്ട, normal ആക്യൂവിൽ അവർ നിൽക്കട്ടെ.

എപ്പോഴും ജയിക്കണമെന്നില്ല. തോൽക്കാനും വിട്ടുകൊടുക്കാനും മാറി നിൽക്കാനും താണുകൊടുക്കാനും ഒക്കെ ജീവിതത്തിൽ അവസരങ്ങൾ കൊടുക്കാം. 'Sorry' പറയാനും 'Thank you' പറയാനും പഠിക്കട്ടെ.

നന്ദി, തൃപ്തി, ബഹുമാനം, കരുണ, ധൈര്യം, വിശ്വാസം, പോസിറ്റീവ് മനോഭാവം ഇവയൊക്കെ ചെറിയ പ്രായത്തിൽ സ്വായത്തമാക്കിയില്ലെങ്കിൽ ജീവിതത്തിന്റെ 'രസം' കൈപ്പേറിയതായിരിക്കും. ഭവനങ്ങളിലും സ്കൂളിലുമാണ് ഇതിനുള്ള ഇടങ്ങൾ ഒരുക്കേണ്ടത്. Mall – ൽ വാങ്ങാൻ കിട്ടില്ല! വൈകാരിക ബുദ്ധിശക്തിയും ജീവിത നൈപുണ്യങ്ങളുമില്ലെങ്കിൽ ഒരു ഡിഗ്രിക്കും കുട്ടികളെ രക്ഷിക്കാൻ കഴിയില്ല. ആകാശത്തിലൂടെ പറക്കാനും ചന്ദ്രനിലേക്ക് കുതിക്കാനും പഠിച്ച നമ്മൾക്ക് മനുഷ്യനായി ജീവിക്കാൻ കഴിയുന്നില്ലെങ്കിൽ – സമൃദ്ധിയായി ജീവിതം ആസ്വദിക്കാൻ കഴിയുന്നില്ലെങ്കിൽ മറ്റെല്ലാ നേട്ടങ്ങളും വ്യർത്ഥമല്ലേ?

## ശാലേം കുടുംബ സംഗമം – 2019



ചിങ്ങവനം സെന്റ് മേരീസ് ശാലേം പള്ളിയിലെ ശാലേം കുടുംബസംഗമം 2019 നവംബർ 10 ഞായറാഴ്ച ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. വികാരി റവ. ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ, ക്നാനായ കോൺഗ്രസ് പ്രസിഡന്റ് റവ. ഫാ. ജേക്കബ്കുട്ടി കല്ലുകുളം, ട്രസ്റ്റി ഏബ്രഹാം കെ. മാത്യു ക്ടായിത്തറ, സെക്രട്ടറി സിബി മാത്യു തോണ്ടുകുഴിയിൽ, മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ അരുൺ റ്റി. സി. തകിടിയിൽ, പി. എം. ജെയിംസ് പുല്ലംപറമ്പിൽ എന്നിവർ പ്രസംഗിച്ചു




# ഈ കാര്യം ദൈവഹിതത്താൽ ഉണ്ടായിരിക്കുന്നു

(1 രാജാ. 12:24)

**ഫാ. റോയി മാത്യൂസ് കോറെപ്പിസ്ക്കോപ്പ, മുളമൂട്ടിൽ**

ഏറ്റവും സംക്ഷിപ്തമായ ഈ സന്ദേശം ജീവിതത്തിൽ ഉണ്ടായേക്കാവുന്ന കാർമേഘപടലങ്ങളെ തേജസ്സിനാൽ പ്രഭാപൂരിതമാക്കി തീർക്കുവാനും, വഴിത്താരകളിലെ മുള്ളുകളെ മൂർച്ചയില്ലാതാക്കി തീർക്കുവാനും കഴിയും. ജീവിതത്തിന്റെ നിരാശകൾ വാസ്തവത്തിൽ സ്നേഹത്തിന്റെ വിധികളത്രേ. നമ്മെ ഓരോരുത്തരേയും സംബന്ധിക്കുന്ന കാര്യങ്ങൾ ദൈവത്തേയും ബന്ധപ്പെടുത്തുന്നു എന്ന സത്യം നാം ചിന്തിച്ചിട്ടുണ്ടോ? നിങ്ങളെ തൊടുന്നവൻ ദൈവത്തിന്റെ കൺമണിയെ തൊടുന്നു (സെഖ.2:8).

സർവ്വവും ക്ഷേമമമായിരിക്കുമ്പോൾ കർത്താവിൽ ആശ്രയിക്കുന്നതു അനുഗ്രഹകരമായ ഒരു അനുഭവം തന്നെ. എന്നാൽ കാർമേഘങ്ങൾ ചുറ്റും കൂടുമ്പോൾ അവങ്കലേക്കു നോക്കുക കുറെക്കൂടി ആവശ്യമായ ഒന്നാണ്. വീട്ടുകാര്യങ്ങൾ കൊണ്ടു ഭാരപ്പെട്ടിരിക്കുന്ന അമ്മയും, കുടുംബസംരക്ഷണാർത്ഥം പ്രയത്നിച്ചു പരാജിതനാകുന്ന അപ്പനും, എല്ലാ ഭാഗത്തു നിന്നും ഉപദ്രവങ്ങളും പീഡകളും അനുഭവിക്കുന്ന വിശ്വാസികളും, പലപ്പോഴും പരീക്ഷ നേരിട്ട് അധൈര്യപ്പെടുന്ന ഭക്തരും, ജയലബ്ധിക്കു മാർഗ്ഗം കാണാതെ ഭാരമേറിയ പ്രയാസങ്ങളോടു പോർ ചെയ്യുന്ന മക്കളും ഇപ്രകാരമുള്ള അവസരങ്ങളിൽ കർത്താവിനോട് അധികം അടുക്കേണ്ട ആവശ്യമുണ്ട്. “കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക, ഞാൻ നിന്നെ വിടുവിക്കും” എന്ന് അവൻ കല്പിച്ചിട്ടുണ്ട്. ‘‘നിങ്ങൾ എന്റെ സന്നിധിയിൽ വന്നു പ്രാർത്ഥിക്കുകയും ഞാൻ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയും ചെയ്യും എന്നു പ്രവാചകൻ മുഖാന്തിരം അരുളിയിട്ടുണ്ട്. ഇഹലോക ജീവിതഗതിയിൽ നമ്മുടെ സ്നേഹിതൻ തന്നെ നമ്മുടെ പ്രതികൂലികളായി തീർന്നേക്കാം. നമ്മുടെ ഒരു സ്നേഹിതൻ പെട്ടെന്നു നിത്യസ്വസ്ഥതയിലേക്കു നമുക്കു മുമ്പായി പ്രവേശിച്ചെന്നു വരാം. നമ്മുടെ ഹൃദയം പൂർണ്ണമായി തുറന്നു കാട്ടികൊടുത്ത കൂട്ടുകാർ നമ്മേ ചതിച്ചെന്നും വരാം. അപ്പോഴാകുന്നു ദൈവവുമായുള്ള ഒരു ഉറ്റ സംസർഗ്ഗം നമുക്ക് അത്യന്താപേക്ഷിതമായിതീരുന്നത്. ഉത്തമ സ്നേഹിതൻ യേശുക്രിസ്തു മാത്രമാണ് എന്നു പഠിക്കേണ്ടതിനുവേണ്ടിയത്രേ ഈ അനുഭവം നമുക്ക് തരുന്നത്.



ദൈവത്തെ സ്നേഹിക്കുന്നവർക്ക് സകലവും നന്മക്കായി കൂടി വ്യാപരിക്കുന്നു. (റോമ.8:28). എന്നാൽ ചിലപ്പോൾ തൽക്കാലം നമുക്കു ഗ്രഹിക്കുവാൻ പാടില്ലാത്തതോ നന്മയേക്കാൾ തിന്മയല്ലേ അതിൽ അടങ്ങിയിരിക്കുന്നത് എന്നുള്ള ശങ്കയെ നമുക്കു തരുന്നതോ ആയ ചില സംഭവങ്ങൾ ഉണ്ടായേക്കാം. അപ്പോഴെല്ലാം നാം ഭയത്തിന് അധീനപ്പെട്ട് അതുമിതും പ്രവർത്തിക്കാതെ ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചു വിശ്രമിച്ച് തന്റെ ഹിതത്തെ ശാന്തമായി അന്വേഷിക്കയത്രേ വേണ്ടത്.

സാത്താന്റെ പല ശ്രമങ്ങളും അല്പകാലത്തേക്കു വിജയകരമെന്നും തോന്നിയേക്കാം. എന്നാൽ തിന്മക്കും, കപടഭക്തിക്കും, അനീതിക്കും എതിരായ യുദ്ധത്തിൽ അന്ത്യമായ ജയം ദൈവത്തിന്റെ പക്ഷത്തായിരിക്കുമെന്ന് ഉറച്ച് നമ്മുടെ സമാധാനത്തെ പാലിക്കാം. നമ്മുടെ വീഴ്ചയ്ക്കായി സാത്താൻ പ്രയോഗിക്കുന്ന ഉപകരണങ്ങളെത്തന്നെ കർത്താവു നമ്മുടെ അഭിവൃദ്ധിക്കായി സ്വാധീനപ്പെടുത്തുന്നതു ഭക്തന്മാരുടെ അനുഭവത്തിൽ സാധാരണയാണല്ലോ. അങ്ങനെ സകലവും ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുന്ന നമ്മുടെ നന്മയ്ക്കായി കൂടി വ്യാപരിക്കുമെന്നുള്ളതിനു സന്ദേഹമില്ല. കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളിലെ ചരിത്രത്തിനിടയിൽ ദൈവത്തിന്റെ സഭ പല കാർമേഘങ്ങളിൽ കൂടി കടന്നുപോയിട്ടുണ്ട്. തന്റെ സഭയുടെ ശുദ്ധീകരണത്തിനായി സഭയുടെ നാഥൻ അഗ്നിയിൽകൂടി തന്റെ സഭയെ കടത്തിക്കൊണ്ടിരിക്കുന്നുമുണ്ട്. ഈ അനുഭവങ്ങൾ തൽക്കാലം സുഖകരമല്ലെങ്കിലും ഇതു സഭയ്ക്ക് അതിന്റെ വിശുദ്ധിയേയും ശക്തിയേയും പ്രദാനം ചെയ്തു എന്നു നാം ഓർക്കേണ്ടതാണ്.

യൂദാ ദ്രവ്യാഗ്രഹത്താൽ ദ്രോഹിയായിത്തീരുകയും തന്റെ യജമാനനായ യേശുവിനെ ഒറ്റികൊടുക്കുകയും ചെയ്തു. ശ്ലീഹന്മാരിൽ തലവനായ പത്രോസ് കർത്താവിനെ പരസ്യമായി ഉപേക്ഷിച്ചു പറഞ്ഞു. അതു അന്ധകാരത്തിന്റെ ഒരു അവസരമായിരുന്നു. അതിന്റെ ഫലം സഭയുടെ നാഥന്റെ ക്രൂശാരോഹണവും സംഭവിച്ചു. ദുഷ്ടനായ യൂദാ നശിച്ചു. അവന്റെ സ്ഥാനത്ത് പലർ ഉണ്ടായി. അതിൽ ഒന്നു

വിശ്വസ്ത യോദ്ധാവായ പൗലൂസ് തന്നെയായിരുന്നു.

പത്രോസ് വിനീതനായി വിലപിച്ചതിനാൽ യഥാർത്ഥ പന്ഥാവിലേക്കു തന്നെ മടങ്ങി കൂടുതൽ പ്രയോജനമുള്ള വനായിതീർന്നു. യേശു മരിച്ചവരിൽ നിന്നും ഉയിർത്തു മരണനിന്ദയെ നീക്കി സഭ പരിശുദ്ധാത്മാവിനേയും ശക്തിയേയും പ്രാപിച്ചു. അങ്ങനെ ജയത്തോടു കർത്തൃകാര്യങ്ങൾ മുമ്പോട്ടു തുടർന്നുപോയി.

ചിലപ്പോൾ സഹിപ്പാൻ കഴിയുന്നതിൽ കൂടുതലായ ദുഃഖ നഷ്ടങ്ങൾ ഭവിച്ചു എന്നു വന്നേയ്ക്കാം. വിശ്വസ്തരെന്നു കരുതിയിരുന്ന പലരും പിന്തിരിഞ്ഞു പോയെന്നു വന്നേക്കാം. എന്നാൽ വിശ്വസ്തരായി ശേഷിക്കുന്ന ചുരുക്കം ചിലരെങ്കിലും സ്ഥിരചിത്തരായി വിശ്വാസത്തിനുവേണ്ടി പോരാടുമ്പോൾ പരിശുദ്ധാത്മാഭിഷേകത്താൽ അവർ നിറയുകയും സുവിശേഷത്തിനു വലിയ അഭിവൃദ്ധിയുണ്ടാകയും ചെയ്യുമെന്നുള്ളത് നിശ്ചയമാണ്.

"അന്ധകാരനാഴികയ്ക്കു പിന്നാലെ ശോഭനമായ പ്രഭാതം ഉദിക്കും" എന്ന് ഒരു ചൊല്ലുണ്ട്. ചിലപ്പോൾ ജീവിതത്തിലെ കൊടുങ്കാറ്റുകൾ പെട്ടെന്നു കോപിച്ചടിക്കുകയും ശത്രു എല്ലാ വശത്തുകൂടിയും അവന്റെ അമ്പുകളെ വർഷിക്കുകയും ചെയ്യുമ്പോൾ നാം ദൈവസന്നിധിയിൽ ഒളിച്ചിരുന്നു പ്രാർത്ഥനയാൽ പോരാടേണ്ടതും അന്ധകാരമേഘം കടന്നുപോകുന്നതുവരെ ആശ്രയിച്ചു വിശ്രമിക്കേണ്ടതും ആണ്. അപ്പോൾ പ്രഭാതത്തിന്റെ പ്രകാശത്തിലേക്കു ജയത്തോടെ പ്രവേശിച്ചു പൂർവ്വാധികം ശക്തിയോടെ മുമ്പോട്ടു ഗമിക്കാം. "ക്രിസ്തുവിൽ ഞങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുകയും എല്ലായിടത്തും ഞങ്ങളെ കൊണ്ട് തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം (2കോരി.2:14). അങ്ങനെ നമ്മുടെ വിശ്വാസത്തിനു ഉത്തേജനം ലഭിച്ചു പൂർണ്ണതയിലേക്കു നയിക്കപ്പെടും. ഇതത്രേ ക്രിസ്തീയ ജീവിതം. ●

# ക്രിസ്തുമസ്

ഫാ. മാത്യു ചെറുകരേത്ത് ഡയറക്ടർ, സുഖാർ ധ്യാനകേന്ദ്രം, വെളിയനാട്

ലോകത്തിന് രക്ഷയും, സന്തോഷവും സമാധാനവും നൽകുവാൻ വേണ്ടി കാലത്തിന്റെ പൂർണ്ണതയിൽ ബേത്‌ലഹേമിൽ പിറന്ന യേശുവിന്റെ ജനനദിവസം വീണ്ടും നാം ഓർക്കുകയാണ്. പ്രകൃതിയിൽകൂടി വിദ്വാന്മാർക്ക് ദൈവികവെളിപാട് ലഭിച്ച് അവർ യേശുവിനെ കണ്ടെത്തിയതുപോലെ നമ്മൾക്കും ദൈവികസാമീപ്യം ലഭിക്കുവാൻ ഒരുങ്ങാം. ആയതിന് നാം ആദ്യം ഒരുക്കേണ്ടത് നമ്മുടെ ഹൃദയം ആണ്. ഹൃദയം പുൽക്കൂടാക്കുവാൻ സാധിക്കണം. എത്ര വലിയ ഭവനം പണിതാലും യേശുവിനെ കിടത്തുവാൻ നാം വൈക്കോൽ മേഞ്ഞ പുൽക്കൂടാണ് ഉണ്ടാക്കുന്നത്. നാം എത്ര ഉന്നതങ്ങളിൽ ഇരുന്നാലും പുൽക്കൂടിന്റെ അവസ്ഥയിലേക്ക് വന്നെങ്കിലേ നമ്മിലും യേശു ജനിക്കയുള്ളൂ.




ക്രിസ്തുമസ് സ്നേഹത്തിന്റെ സന്ദേശമാണ് നൽകുന്നത്. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവർക്കും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹ.3:16). ഉന്നതങ്ങളിൽ നിന്നും താണിറങ്ങുവാൻ ദൈവത്തിനു സാധിച്ചു. അത്രമാത്രം ദൈവം നമ്മെ സ്നേഹിച്ചു. ദൈവം മനുഷ്യനോടു യോജിച്ചു. സ്വർഗ്ഗവും, ഭൂമിയും തമ്മിലുള്ള അകലം ഇല്ലാതായി. മാലാഖമാരും, മനുഷ്യരും തമ്മിൽ വേർപാടില്ല. വേർപാടിന്റെ നടുച്ചുമര് തകർന്നുപോയി. വിണ്ണും മണ്ണും തമ്മിൽ അകലമില്ല. വിൺമയരും മൺമയരും ഒന്നായിത്തീരുകയുണ്ടായി. ലോകത്തിൽ സ്വർഗ്ഗം സ്ഥാപിക്കപ്പെട്ടു.

ഉപഭോഗസംസ്ക്കാരത്തിൽ നിന്നും ദാനസംസ്ക്കാരത്തിലേക്കുള്ള തീർത്ഥയാത്ര ആണ് ക്രിസ്തുമസ്. വാങ്ങിക്കൂട്ടുന്നതല്ല, കൊടുക്കുന്നതാണ് ക്രിസ്തുമസിന്റെ സന്ദേശം. കമ്പോളവത്ക്കരണത്തിന്റെ മാസ്മരിക ലോകത്തിൽ വീണുകിടക്കുന്ന മനുഷ്യർ അതിൽ നിന്നും ഒരു ഉയർത്തെഴുന്നേല്പ് ക്രിസ്തുമസ്സിലൂടെ സാധിക്കണം. യേശു തന്റെ ദൈവത്വം ഒഴികെ ബാക്കിയെല്ലാം മനുഷ്യർക്ക് നൽകി. നാം ക്രിസ്തുമസ്സിൽ ഈ മനോഭാവത്തോടുകൂടി ഇടപെടുമ്പോഴാണ് യഥാർത്ഥമായി നമ്മൾക്ക് ക്രിസ്തുമസ് ആഘോഷിക്കുവാൻ സാധിക്കുന്നത്.


ആകയാൽ ബേത്‌ലഹേമിലെ പുൽക്കൂടിന്റെ പൂർണ്ണതയിലേക്ക് നമ്മൾക്കും മാറാം. അപ്പോൾ യേശു നമ്മിൽ വന്ന് ജനിക്കുകയും ആ മഹാസന്തോഷം നമ്മൾക്ക് അനുഭവിക്കുവാൻ സാധിക്കുകയും ചെയ്യും. "ദൂതൻ അവരോട് ഭയപ്പെടേണ്ട സർവ്വജനത്തിനും ഉണ്ടാകുവാനുള്ളൊരു മഹാസന്തോഷം ഞാൻ നിങ്ങളോടും സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു" (ലൂക്കോ.2:10,11). സ്വർഗ്ഗം നൽകുന്ന മഹാസന്തോഷം അനുഭവിക്കുവാൻ ഈ വർഷത്തിലെ ക്രിസ്തുമസ് ആഘോഷവും, ശുശ്രൂഷകളും സാദ്ധ്യമാകട്ടെ എന്ന് ആശംസിക്കുന്നു. എല്ലാവർക്കും ക്രിസ്തുമസ്സിന്റെ സമാധാനവും സന്തോഷവും നേരുന്നു. ●

# മനുഷ്യപുത്രനായ യേശു

**യേശു സുവ്യക്തമാക്കിയ മൂല്യങ്ങളും വർത്തമാനകാല കേരള ക്രൈസ്തവ സഭയും (സഭകളും)**

**പ്രൊഫ. പി. കെ. സ്കറിയാ, കുന്നത്തിൽ**

സാരാംശത്തിൽ പിതാവാം ദൈവത്തോടു സമനും പൂർണ്ണ ദൈവവുമായ യേശുക്രിസ്തു മാനവരാശിയുടെ രക്ഷയ്ക്കു വേണ്ടി പൂർണ്ണ മനുഷ്യനായി ഈ ലോകത്തിൽ അവതരിച്ചു. തന്റെ ഇഹലോകജീവിതകാലത്ത് യേശു തന്നെക്കുറിച്ച് ഏറ്റവും കൂടുതൽ പ്രാവശ്യം ഉപയോഗിച്ചിട്ടുള്ളത് 'മനുഷ്യപുത്രൻ' (Son of man) എന്ന പദമാണ്. ഈ ലോകവ്യാപാരകാലത്ത് 'ദൈവപുത്രൻ' എന്ന് അറിയപ്പെടുവാനല്ല മറിച്ച് 'മനുഷ്യൻ' എന്നു വിളിക്കപ്പെടുവാനാണ് യേശുക്രിസ്തു ആഗ്രഹിച്ചിരുന്നത് എന്ന് വി. സുവിശേഷങ്ങളിൽ നിന്ന് വ്യക്തമാണ്. സുവിശേഷകർത്താക്കൾ എല്ലാവരും ഇക്കാര്യം അസന്നിഗ്ദ്ധമായി സാക്ഷിച്ചിട്ടുണ്ട്. മറ്റുള്ളവർ തന്നെ 'ദൈവപുത്രൻ' എന്നു സംബോധന ചെയ്ത ചില അവസരങ്ങളിൽ പോലും മറുപടിയിൽ 'മനുഷ്യപുത്രൻ' എന്ന വാക്കാണ് യേശുക്രിസ്തു ഉപയോഗിച്ചിട്ടുള്ളത്. നാലു സുവിശേഷങ്ങളിലുമായി കുറഞ്ഞത് അറുപതു തവണയെങ്കിലും 'മനുഷ്യപുത്രൻ' എന്ന വാക്ക് കാണുവാൻ കഴിയും. പൂർണ്ണദൈവമായ യേശു എന്തുകൊണ്ടാണ് 'മനുഷ്യപുത്രൻ' എന്ന് അറിയപ്പെടാൻ ആഗ്രഹിച്ചത് എന്നത് വളരെ ചിന്തനീയമായ വിഷയം ആണെന്നു തോന്നുന്നു.



വളരെ സുന്ദരമായ ഒരു പദമാണ് 'മനുഷ്യൻ'. Human എന്ന വാക്ക് Devil/Animal എന്നീ വാക്കുകളുടെ നേരെ വിപരീതമായുള്ള പ്രയോഗമാണ്. മനുഷ്യൻ സ്വാഭാവികമായി കുറ്റകൃത്യങ്ങൾ ചെയ്യുന്നവനും തെറ്റുകൾക്കു വിധേയനും ആണെങ്കിലും **(To err is human)** മനുഷ്യഗുണങ്ങൾ വളരെയാണ്. സാധാരണയായി നാം 'മനുഷ്യത്വം' എന്ന് പറയുമ്പോൾ അതിൽ വളരെയേറെ സദ്ഗുണങ്ങൾ അടങ്ങിയിരിക്കുന്നതായി കാണാം. സമസൃഷ്ടിസ്നേഹമുള്ള, ദയവുള്ള, സൗമ്യതയുള്ള, ഉപചാരശീലമുള്ള, മറ്റുള്ളവരോടു കരുണയുള്ള, താഴ്മയുള്ള എന്നാൽ അനീതിക്കും തിന്മയ്ക്കും എതിരെ ശക്തമായി മുഖം നോക്കാതെ പ്രതികരിക്കുന്ന അങ്ങനെ അനേകമനേകം മാനുഷികഗുണങ്ങൾ ഉള്ളവരെയാണ് നാം മനുഷ്യർ എന്നു വിളിക്കുന്നത് – വിളിക്കേണ്ടത്. മേൽ പറഞ്ഞ മാനുഷിക ഗുണങ്ങൾ ഇല്ലാത്തവനെ നാം 'മൃഗം' എന്നു പറയും.

യേശുക്രിസ്തു സ്വയം മനുഷ്യൻ എന്നു വിശേഷിപ്പിക്കുകയും മനുഷ്യനിൽ സ്ഥായിയായി ഉണ്ടായിരിക്കേണ്ട മാനുഷിക ഗുണങ്ങൾ എന്തൊക്കെ ആയിരിക്കണമെന്ന് സ്വജീവിതം വഴിയായും ഉപദേശങ്ങളിൽ കൂടിയും ഉദാഹരണസഹിതം വെളിപ്പെടുത്തി തന്നു.

### (1) താഴ്മ (Humility)

ഏറ്റവും അത്യന്താവശ്യമായ മനുഷ്യഗുണമാണ് വിനയം അഥവാ താഴ്മ എന്ന് യേശു തന്റെ ജനനവും ജീവിതവും ഉപദേശങ്ങളും മരണവും വഴിയായി കാണിച്ചുതന്നതായി വി. സുവിശേഷങ്ങൾ സാക്ഷിക്കുന്നു. ദൈവത്തിന്റെ ഏകപുത്രനും രാജാധിരാജനുമായ ക്രിസ്തു ലോകരക്ഷയ്ക്കായി ഈ ലോകത്തിൽ അവതരിക്കാൻ തെരെഞ്ഞെടുത്ത സ്ഥലം നികൃഷ്ടമായ പശുത്തൊഴുത്താണ്. മാലാഖമാരുടെ അറിയിപ്പനുസരിച്ച് ദൈവപുത്രനെ കാണ്മാൻ പുറപ്പെട്ട ആട്ടിടയർ യേശുകുഞ്ഞിനെ കണ്ടത് പശുത്തൊഴുത്തിലെ പുൽത്തൊട്ടിയിലാണ്. അങ്ങനെ തന്റെ ജനനം വഴിയായി യേശു കാട്ടിതന്നത് താഴ്മയുടെ ഏറ്റവും വലിയ മാതൃകയാണ്. പിന്നീട് നിന്ദ്യമായ കഴുതപ്പുറത്ത് വാഹനമേറി, ദാസനെപോലെ ശിഷ്യന്മാരുടെ കാലുകൾ കഴുകി ഹീനമായ കുരിശുമരണം വരിച്ചു.

ജീവിതത്തിൽ താഴ്മയുടെ ആവശ്യകത അനേക സന്ദർഭങ്ങളിൽ യേശു പ്രബോധിപ്പിച്ചതായി സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

(a) സ്വർഗ്ഗരാജ്യത്തിൽ തന്റെ വലതും ഇടതും ഇരിപ്പാൻ വരം നൽകണമെന്ന സെബദിപുത്രന്മാരുടെ അമ്മയുടെ അപേക്ഷയ്ക്കു മറുപടി കൊടുത്തശേഷം യേശു പറഞ്ഞു "നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവരെല്ലാം നിങ്ങളുടെ ശുശ്രൂഷകരാകണം. നിങ്ങളിൽ ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവരെല്ലാം നിങ്ങളുടെ ദാസരാകണം. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും

അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെതന്നെ (വി.മത്താ. 20:26-28).

(b) ക്ഷണിക്കപ്പെട്ടവർ മുഖ്യാസനങ്ങളെ തെരഞ്ഞെടുക്കുന്നതു കണ്ടിട്ട് യേശു പറഞ്ഞു "തന്നത്താൻ ഉയർത്തുന്നവരെല്ലാം താഴ്ത്തപ്പെടും, തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും" (വി.ലൂക്കോസ് 14:11).

(c) സ്വയം നീതിമാന്മാർ എന്നു കരുതുന്ന ശാസ്ത്രിമാരെയും പരീശന്മാരെയും കുറിച്ച് യേശു ഇപ്രകാരം പറഞ്ഞു "അവർ തങ്ങളുടെ പ്രവർത്തികളെല്ലാം മനുഷ്യർക്കു കാണേണ്ടതിനത്രെ ചെയ്യുന്നത്. തങ്ങളുടെ മന്ത്രപ്പട്ട വീതിയാക്കി തൊങ്ങൽ വലുതാക്കുന്നു. അത്താഴത്തിൽ പ്രധാന സ്ഥലവും പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും മനുഷ്യർ 'റബ്ബി' എന്നു വിളിക്കുന്നതും അവർക്ക് പ്രിയമാകുന്നു. (വി.മത്തായി 23:5-7).

(d) മനുഷ്യർ കാണേണ്ടതിന് നിങ്ങളുടെ നീതി അവരുടെ മുൻപിൽ ചെയ്യാതിരിക്കുവാൻ സൂക്ഷിക്കുവിൻ. "ആകയാൽ ഭിക്ഷ കൊടുക്കുമ്പോൾ മനുഷ്യരാൽ മാനം ലഭിക്കാൻ പള്ളികളിലും തെരുവീഥികളിലും കാഹളം ഊതിക്കരുത്" (വി.മത്തായി 6:1,2).

(e) താഴ്ന്ന നിലയിലുള്ള മീൻപിടുത്തക്കാരിൽ നിന്നാണ് യേശു തന്റെ ശിഷ്യന്മാരെ തെരഞ്ഞെടുത്തത്.

(f) സമൂഹത്തിൽ അധഃകൃതരായ ചുങ്കക്കാരൻ മത്തായി, ബെഥാന്യയിലെ കുഷ്ഠരോഗിയായ ശീമോൻ മുതലായവരുടെ ആതിഥ്യമാണ് യേശു വിലപ്പെട്ടതായി കണ്ടത്. ഇടയനില്ലാത്ത ആടുകളെപ്പോലെ ആർത്തരും ചിതറിയവരുമായ ജനക്കൂട്ടത്തോടാണ് മനുഷ്യപുത്രനായ യേശുവിനു മനസ്സലിവ് തോന്നിയത്.

**താഴ്മയുടെ മറ്റൊരുവശമാണ് ലാളിത്യം (Simplicity)**

യേശു തന്റെ ശിഷ്യന്മാർക്കു അശുദ്ധാത്മാക്കളെ പുറത്താക്കുവാനും രോഗങ്ങളും വ്യാധികളും സൗഖ്യമാക്കുവാനും ഉള്ള അധികാരം കൊടുത്ത് അവരെ അയയ്ക്കുമ്പോൾ അവരോട് ഇപ്രകാരം പറഞ്ഞു "മടിശീലയിൽ പൊന്നും വെള്ളിയും ചെമ്പും കരുതിവയ്ക്കരുത്. യാത്രയ്ക്കു വേണ്ടി രണ്ട് ഉടുപ്പും ചെരുപ്പും വടിയും എടുക്കരുത്. വേലക്കാരൻ തന്റെ ആഹാരത്തിനു യോഗ്യനല്ലോ" (വി.മത്തായി 10:9-10)

(തുടരും)



2020 ലെ 18-ാമത് തിരുവല്ലാ ക്നാനായ കൺവൻഷൻ ഫണ്ട് ഉദ്ഘാടനം ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്തായിൽ നിന്ന് ഏറ്റു വാങ്ങി നിർവ്വഹിക്കുന്നു.



റാന്നി വൈക്കം സെന്റ് മേരീസ് കുരിശുപള്ളിയിലെ യൂത്ത് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ 15-06-2019 ശനിയാഴ്ച 13 മുതൽ 24 വയസ്സുവരെ പ്രായമുള്ള യുവതീ-യുവാക്കന്മാർക്കായി സംഘടിപ്പിച്ച ഏകദിന ബോധവത്കരണ ക്ലാസ്സ് അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. വെരി. റവ. എ. റ്റി. തോമസ് അറയ്ക്കൽ കോറെപ്പിസ്ക്കോപ്പാ അദ്ധ്യക്ഷത വഹിച്ചു. പള്ളി സെക്രട്ടറി സജു പുന്നൂസ് തോപ്പിൽ, പള്ളി ട്രസ്റ്റി മോൻസി ഏബ്രഹാം പുളിമൂട്ടിൽ, KYA സെക്രട്ടറി സാക്ക് ജോസഫ് മാതാംപറമ്പിൽ, KYA ട്രസ്റ്റി മെൽവിൻ മോൻസി പുളിമൂട്ടിൽ എന്നിവർ പ്രസംഗിച്ചു. റവ. ഡോ. ജയിംസ് തോടത്തിൽ ക്ലാസ്സ് നയിച്ചു.

മല്പാനോട് ചോദിക്കാം

# ക്രിസ്മസ് ആഘോഷത്തിന്റെ ചരിത്രമെന്ത്?

ക്രിസ്റ്റസ്-മെസ്സെ (Christes Masse) എന്നീ രണ്ട് ഇംഗ്ലീഷ് വാക്കുകൾ ചേർന്നാണ് ക്രിസ്മസ് (ക്രിസ്തുമസ്) എന്ന പദം ഉണ്ടായിട്ടുള്ളത്. ക്രിസ്തുവിന്റെ ജനനം അഥവാ ആഗമനം എന്നാണ് ഈ പദത്തിന്റെ അർത്ഥം.

ക്രിസ്തോസ് എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് ക്രിസ്തു എന്ന പദം ഉണ്ടായത്. ഇതിന്റെ എബ്രായപദം മിശിഹാ എന്നാണ്. ക്രിസ്തോസ്, മിശിഹാ എന്നീ രണ്ടു പദങ്ങളുടേയും അർത്ഥം അഭിഷിക്തൻ എന്നാണ്. പഴയനിയമകാലത്ത് രാജാക്കന്മാരേയും പ്രവാചകന്മാരേയും പുരോഹിതന്മാരേയും ദൈവം തിരഞ്ഞെടുത്തു എന്നതിന്റെ അടയാളമായി എണ്ണകൊണ്ട് അഭിഷേകം ചെയ്തിരുന്നു. പുതിയ നിയമകാലത്ത് അപ്പോസ്തോലിക സഭകളിൽ സ്നാനം (മാമോദീസ) ഏൽക്കുന്ന വ്യക്തിയെ തൈലംകൊണ്ട് അഭിഷേകം ചെയ്യാറുണ്ട്. ദൈവത്താൽ വിളിക്കപ്പെട്ട് ക്രിസ്തുവിന്റെ രാജകീയ പുരോഹിതവർഗ്ഗത്തിൽ അംഗമായി എന്നതിന്റെ സൂചനയായി സന്തോഷതൈലം കൊണ്ടും, പരിശുദ്ധാത്മ നൽവരത്തിന്റെ അടയാളമായി പരിശുദ്ധമൂറോൻ തൈലംകൊണ്ടും അഭിഷേകം ചെയ്യുന്നു.

ക്രിസ്തുവിന്റെ ജനനം എന്നു നടന്നു എന്ന് ആർക്കും കൃത്യമായി പറയാൻ സാധിച്ചിട്ടില്ല. വസന്ത സമദിനരാത്രമായ (Spring Equinox) മാർച്ച് 25-ാം തീയതി ഗബ്രിയേൽ മാലാഖ മറിയാമിനു പ്രത്യക്ഷപ്പെട്ട് വചനിപ്പ് അറിയിച്ചു എന്ന് വിശ്വസിക്കപ്പെടുന്നു. ആ വചനം മറിയാമിന്റെ കാതുകളിലൂടെ അവളുടെ ഉദരത്തിൽ പ്രവേശിച്ച നിമിഷത്തിൽതന്നെ അവൾ ഗർഭവതിയായി. വചനിപ്പു നടന്ന മാർച്ച് 25 മുതൽ ഒമ്പതു മാസം തികഞ്ഞ ഡിസംബർ 25 ന് ക്രിസ്തു ജനിച്ചു എന്നു കണക്കാക്കി ആ ദിവസം ക്രിസ്തുവിന്റെ ജനനപ്പെരുന്നാളായി ക്രൈസ്തവർ ആഘോഷിക്കുന്നു.



ഡിസംബർ 25 എന്ന തീയതിയ്ക്ക് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. റോമാക്കാർ സൂര്യദേവന്റെ ജന്മദിനം ദക്ഷിണായനവുമായി ബന്ധപ്പെടുത്തി ഡിസംബർ 25 മകര സംക്രമദിനമായി (Winter Solistice) ആചരിച്ചു വന്നിരുന്നു. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം യഥാർത്ഥസൂര്യൻ (വെളിച്ചം) ക്രിസ്തുവായതിനാൽ ആ ദിവസം ക്രൈസ്തവോചിതമായി ആചരിക്കാൻ തുടങ്ങി എന്നൊരു പാരമ്പര്യവിശ്വാസവും നിലവിലുണ്ട്.

### ക്രിസ്മസ് കരോൾ

ക്രിസ്തുവിന്റെ ജനനത്തെ സൂചിപ്പിച്ച് ക്രിസ്മസ്കാലത്ത് ആലപിക്കുന്ന സമൂഹഗാനമാണ് ക്രിസ്മസ് കരോൾ എന്നറിയപ്പെടുന്നത്. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം എന്ന ദൈവദൂതസന്ദേശമാണ് കരോൾ ഗാനങ്ങളുടെ ഉള്ളടക്കം, ലോകരക്ഷകനായ യേശു ബേത്‌ലഹേമിൽ ജനിച്ചു എന്ന സദ്വാർത്ത ലോകമെങ്ങും അറിയിക്കുകയാണ് കരോളിന്റെ ലക്ഷ്യം.



### ക്രിസ്മസ് കാർഡ്

19-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് മ്യൂസിയം ഡയറക്ടറായിരുന്ന ഹെൻറി കോളിൻ ക്രിസ്തുമസ് ആശംസകൾ നേർന്നുകൊണ്ട് ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും കത്തുകൾ എഴുതിവന്നിരുന്നു. കൂടുതൽ കത്തുകൾ എഴുതുന്നതിനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് കോളിന്റെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ സുഹൃത്തായ ജോൺ ഹോൾസ്‌ലി ക്രിസ്മസിന്റേയും നവവത്സരത്തിന്റേയും ആശംസകൾ നേർന്നുകൊണ്ട് ചിത്രങ്ങളോടുകൂടിയ ആശംസാകാർഡ് 1843 ൽ നിർമ്മിച്ചു. ഇതാണ് ആദ്യത്തെ ക്രിസ്മസ് കാർഡ്. അഞ്ച് ഇഞ്ച് നീളവും മൂന്ന് ഇഞ്ച് വീതിയും ഉള്ളതും ചിത്രങ്ങളോടുകൂടിയതുമായ ഈ കാർഡിൽ "A Merry Christmas and a happy New year" എന്ന് രേഖപ്പെടുത്തിയിരുന്നു. പിന്നീട് പല തരത്തിലുള്ള ആശംസാകാർഡുകൾ അച്ചടിച്ച് വ്യാപാരം തുടങ്ങി. 1949 ൽ ലോക ശിശുക്ഷേമ സംഘടന ക്രിസ്തുമസ് കാർഡുകൾ വിറ്റ് 50 കോടിയിലധികം രൂപാ സമാഹരിച്ച് 115 രാഷ്ട്രങ്ങളിലെ കുട്ടികളെ സഹായിച്ചു..

ക്രിസ്മസ് കാലഘട്ടങ്ങളിൽ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും ക്രിസ്മസ് കാർഡുകൾ അയയ്ക്കുന്ന പതിവ് ജാതിമത ചിന്തകൾക്കതീതമായി ഇന്ന് സാർവ്വത്രികമായിരിക്കുന്നു.

## ക്രിസ്മസ് ട്രീ



നിത്യഹരിതമായ പൈൻവൃക്ഷം നിത്യജീവദായകനായ യേശുവിന്റെ പ്രതീകമായി അംഗീകരിച്ചതാണ് ക്രിസ്മസ് ട്രീ. യേശുവിന്റെ ജനനത്തിന്റെ അനുസ്മരണം ആഘോഷിക്കുന്ന ക്രിസ്മസ് കാലത്ത് ദേവാലയങ്ങളുടേയും ഭവനങ്ങളുടേയും അകത്തും പുറത്തും ഒക്കെ പൈൻ വൃക്ഷങ്ങളുടെയോ അത് ലഭ്യമല്ലാത്ത സ്ഥലത്ത് മറ്റേതെങ്കിലും വൃക്ഷക്കൊമ്പുകളോ അലങ്കരിച്ച് നിർത്തുന്ന രീതി ഉണ്ട്.

## ക്രിസ്മസ് ഫാദർ

ഏ. ഡി. 3-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഏഷ്യമൈനറിലെ ലൈസിയായിൽ ജീവിച്ചിരുന്ന ഒരു വിശുദ്ധനായിരുന്നു നിക്കോളോസ്. അദ്ദേഹം വിദ്യാർത്ഥികളുടേയും നാവികരുടേയും പ്രാർത്ഥനാ മദ്ധ്യസ്ഥനായി അറിയപ്പെട്ടി



രുന്നു. കുട്ടികളുടെ വിശുദ്ധൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന അദ്ദേഹം ക്രിസ്മസ് രാത്രിയിൽ ഭവനങ്ങൾ സന്ദർശിച്ച് കുട്ടികൾക്ക് മധുരപലഹാരങ്ങൾ സമ്മാനിച്ചിരുന്നു. ഈ വിശുദ്ധനായ നിക്കോളോസാണ് ക്രിസ്മസ് ഫാദർ, സാന്താക്ലോസ് തുടങ്ങിയ സങ്കല്പങ്ങളിൽ ക്രിസ്മസ്കാലത്ത് ആകർഷകവേഷവിധാനത്തോടെ വരുന്നത്. സാന്ത നിക്കോളാസ് (വിശുദ്ധനായ നിക്കോളാസ്) എന്ന ഡച്ചു നാമത്തിൽ നിന്നാണ് സാന്താക്ലോസ് എന്നു പേരുണ്ടായത്.

## ക്രിസ്മസ് സ്റ്റാർ

റോമാക്കാർ സൂര്യോത്സവത്തോടനുബന്ധിച്ച് വീടും പരിസരവും ഒക്കെ വൃത്തിയാക്കി ദീപങ്ങൾകൊണ്ട് അലങ്കരിച്ചിരുന്നു. നീതിയിൻ സൂര്യനാകുന്ന ക്രിസ്തുവിന്റെ ജനനത്തിന് അടയാളമായി ആകാശത്ത് ഉദിച്ച നക്ഷത്രം കണ്ട് കിഴക്കോട്ടുയാത്ര ചെയ്താണ് ജ്ഞാനികളായ വിദ്വാന്മാർ ബേത്‌ലഹേമിൽ എത്തിയതും യേശുവിനെ കണ്ടതും. ആയതിനാൽ ക്രിസ്മസ് ആഘോഷനാളുകളിൽ ഭവനങ്ങളിലും ദേവാലയങ്ങളിലും എല്ലാം ക്രൈസ്തവർ നക്ഷത്രദീപം തെളിയിക്കുന്നു.

# ക്രിസ്തുമസ്

**ലീലാമ്മ ലൂയീസ്, പുത്തൻപുരയിൽ, കല്ലിശ്ശേരി**

വാനിൽ കത്തിയ പുത്തൻ കൈത്തിരി
താരപ്പൊൻകൊടിയേതോ
താരപ്പൊൻകൊടിയേതേതോ............?

മിന്നും പൊന്നൊളി ചിന്തിയ പെൺമണി
തന്നുടെ കണ്മണിയേതോ
തന്നുടെ കണ്മണിയേതേതോ...............?

(1) ഹീനകുലത്തിൽ താണജനത്തിൽ
രാജകുമാരൻ വന്നല്ലോ ............ (രാജ...)
വാനപഥത്തിൽ ദൂതഗണത്തിൽ ഗാനസ്വരങ്ങൾ-
കേട്ടല്ലോ.......(ഗാന.........)

(2) രാവിൻപ്പാതിരനേരം കാലിക്കൂട്ടിലണഞ്ഞവനാരോ
കൂട്ടിലണഞ്ഞവനാരാരോ...............
കോലക്കുഴലിൽ കാകളിപാടി കോകിലജാലം-
ചെന്നല്ലോ................ (കോകില........)
കുഞ്ഞിക്കാറ്റും മഞ്ഞക്കിളിയും കുഞ്ഞിനുനൃത്തം-
വച്ചല്ലോ.......... (കുഞ്ഞിനു....................)

(3) പുല്ലണിമെത്തയിലല്ലിയുണർന്നൊരു
മുല്ലമതില്ലികയേതോ.................
മുല്ലമതില്ലികയേതേതോ.............
ആട്ടിൻപറ്റം വിട്ടജപാലകർ കാട്ടിൽനിന്നു
തിരിച്ചല്ലോ..... (കാട്ടിൽ...............)
പാട്ടും പാടികൂട്ടം കാലിക്കൂട്ടിൽച്ചെന്നു നമിച്ചല്ലോ.....
(കൂട്ടിൽ..........)

# അഭിനന്ദനങ്ങൾ



കെ. സി. സി (കേരളാ കൗൺസിൽ ഓഫ് ചർച്ചസ്) പരിസ്ഥിതി കമ്മീഷൻ ചെയർമാൻ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട സ്മിജു ജേക്കബ് മറ്റയ്ക്കാട്ട്. ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി അംഗം, ക്നാനായ കോൺഗ്രസ് കേന്ദ്ര ജനറൽ സെക്രട്ടറി, ക്നാനായ സ്റ്റുഡൻസ് അസോസിയേഷൻ ജനറൽ സെക്രട്ടറി, ഐത്തലപള്ളി ഇടവക സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. റാന്നി എം.എസ്. ഹയർ സെക്കന്ററി സ്കൂൾ പ്ലസ്ടു അദ്ധ്യാപകനും, ജൂണിയർ ചേംബർ ഇന്റർനാഷണൽ (J C I) സർട്ടിഫൈയിഡ് ട്രെയിനറും. ജെ.സി.ഐ. സോൺ എഡിറ്ററുമാണ്. 19 അംഗസഭകളും 21 സംഘടനകളും അംഗത്വമുള്ള 80 വർഷമായി പ്രവർത്തിക്കുന്ന സംഘടനയാണ് കെ.സി.സി.



# മലർവാടിക്കൂട്ടം

വിശന്നലയുകയായിരുന്ന സിംഹം മരത്തണലിൽ ഉറങ്ങുകയായിരുന്ന ഒരു മുയലിനെ കണ്ടു. ഒരടിയ്ക്ക് കഥ കഴിച്ചു കളയാം എന്നു കരുതി കൈ ഉയർത്തി.

അതാ ഒരു കലമാൻ വരുന്നു. കുറച്ചുകൂടി മികച്ച ഭക്ഷണമാണല്ലോ. ഓടിച്ച് പിടിക്കാം. എന്ന വിശ്വാസത്തോടെ സിംഹം മാനിന്റെ പുറകേ ഓടി. ഓട്ടത്തിന്റെ ബഹളം കേട്ട് മുയൽ ഉണർന്നു. അതിന് കാര്യം മനസ്സിലായി. ഉടനെ സ്വന്തം സങ്കേതത്തിലേക്ക് ഓടി രക്ഷപെടുകയും ചെയ്തു.



വളരെ നേരം പുറകേ ഓടിയെങ്കിലും മാനിനെ കിട്ടുക വിഷമമാണെന്ന് സിംഹത്തിനു മനസ്സിലായി. മടങ്ങിച്ചെന്ന് ഉറങ്ങുന്ന മുയലിനെ ശാപ്പാടാക്കാനായി അടുത്ത ചിന്ത. പക്ഷേ മരത്തണലിൽ എത്തി നോക്കിയപ്പോൾ മുയലിനെ അവിടെ കണ്ടില്ല.

സിംഹം പറഞ്ഞു ഞാൻ എന്തു വിഡ്ഢിയാണ്. കയ്യിൽ കിട്ടിയതിനെ കളഞ്ഞുകൊണ്ടാണല്ലോ മികച്ച മറ്റൊന്നിനു വേണ്ടി ഓടിയത് ഒടുവിൽ രണ്ടും ഇല്ലാതായി.

*(കൈവന്ന ഭാഗ്യത്തിൽ തൃപ്തരാകാതെ കൂടുതൽ വലിയ ഭാഗ്യത്തിനുവേണ്ടി ഓടുന്നവർ നിർഭാഗ്യവാന്മാരാണ്).*

നമ്മുടെയൊക്കെ ജീവിതങ്ങളിൽ നടക്കുന്ന ഒന്നാണ്. ഒന്നിലും തൃപ്തിയില്ല. പുതിയതിനു വേണ്ടി ഓടുന്നു കൈയ്യിലുള്ളതിന്റെ വിലയറിയുന്നില്ല. വിലയറിയുമ്പോഴേക്കും എല്ലാം നഷ്ടപ്പെടും

സസ്നേഹം **കൊച്ചേട്ടൻ**



# ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

**പാഠഭാഗം യെശയ്യ 35 to 66 മത്തായി. 15 to 28**

1. ഉപവാസക്കാർ തല കുനിക്കുന്നത് ഏതു ചെടിക്കു തുല്യമാണെന്നാണ് യെശയ്യാവ് പറഞ്ഞിരിക്കുന്നത്?
2. യേശുവിന്റെ അഭിഷിക്ത സേവനത്തെക്കുറിച്ച് എഴുതിയിരിക്കുന്ന പ്രവചന വേദഭാഗം ഏത്?
3. സകല ജാതികളും കാൺകെ ദൈവം മുളപ്പിക്കുന്നതെന്ത്?
4. വസ്ത്രം കീറി രെട്ടുടുത്ത് യെഹോവയുടെ ആലയത്തിൽ ചെന്ന രാജാവാര്?
5. നെയ്ത്തുകാരൻ തുണി ചുരുട്ടുംപോലെ ഞാൻ എന്റെ ജീവനെ ചുരുട്ടിവെയ്ക്കുന്നു എന്നു പറഞ്ഞതാര്?
6. യേശുവിന്റെ കഷ്ടതകളെക്കുറിച്ച് യെശയ്യ പ്രവാചകൻ പ്രവചിച്ചതായ അദ്ധ്യായം ഏത്? (രേഖപ്പെടുത്തിയിരിക്കുന്നതായ വേദഭാഗം)
7. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് യേശുക്രിസ്തുവിനെക്കുറിച്ച് പറഞ്ഞ ശിഷ്യൻ ആര്?
8. യേശുക്രിസ്തു ശാസിച്ച ഏക ശിഷ്യൻ ആര്?
9. ശിഷ്യന്മാരുടെ അടുക്കൽ വന്നിട്ട് സൗഖ്യം പ്രാപിക്കാത്ത രോഗി ആര്?
10. തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ആര് ആകും എന്നാണ് യേശു പറഞ്ഞത്?


**നവംബർ മാസത്തിലെ ഉത്തരങ്ങൾ**

1. നരക്കുവോളം (യെശ. 46:4)
2. സമാധാനം (യെശ. 48:22)
3. പിതാവ് മാത്രം (മത്താ.24:36)
4. സെഖര്യാവ് (സെഖര്യാവ് 13:7)
5. പീലാത്തോസ് (മത്താ.27:2)
6. മഹാപുരോഹിതന്മാരും, പരീശന്മാരും (മത്താ.27:62-63)
7. പത്രോസ് (മത്താ.26:72-74)
8. നോഹയുടെ (മത്താ.24:37)
9. ബെഥാന്യയിൽ (മത്താ.26:6)
10. സീയോനിലെ ദുഖിതന്മാർ (യെശ. 61:3)

# KNANAYA SAUDI ASSOCIATION

## Kingdom of Saudi Arabia - Dammam
## Managing Committe 2019-2020

**PRESIDENT**



**P.K. KURUVILLA**
Pozhimannil House
ST. John's Church
Thuruthicad

**SECRETARY**



**JERRY KURIAKOSE**
Mulackanchira House
ST. John's Puthenpally
Chingavanam

**PRAYER PRESIDENT**



**SAJU PUNNOOSE**
Mallappallil House
ST. Thomas Valiyapally
Ranny

**TRUSTE**



**BINU SRAMPIYIL**
Srampiyil House
ST. Mary's Church
West Othara

**SUNDAY SCHOOL HEADMASTER**



**JOMON KURIAKOSE**
Kavumkal House
ST. Thomas Valiyapally
Ranny

### Committe Members



**SUNNY CHANDY**
Alakukalumkkal House
ST. Thomas Valiyapally
Ranny



**BIJU KURIAKOSE**
Manalalchirayil House
ST. Mary's Sehiyon Church
Chengalam



**LIJU MATHEW**
Mankottuthara House
ST. Mary's Valiyapally
Kallissery



**REMIT KURIAKOSE**
Kannakuzhiyil House
ST. Mary's Church
Eraviperoor



**MILIN CHERIAN**
Panayidathusseril House
ST. George Valiyapally
Neelamperoor



**SANTHOSH STEPHEN**
Kakkuzhiyil House
ST. George Church
Ozuvanpara



## പറുദീസയിലെ 2 – ാം വർഷം

**06 – 12 – 2019**

# വിനു കുര്യൻ ജേക്കബ്

**താഴ്ചയിൽ, കുറ്റൂർ**

മാനത്തെ വെള്ളിത്തേരിലുറങ്ങും മാലാഖപ്പൂമുത്തേ
മാനത്തിരുന്നൊരു പൊൻമുത്തമേകിടാൻ
താഴോട്ടു നോക്കിടുമോ? നീ
താഴോട്ടു നോക്കിടുമോ?
മുത്തുകൾകൊണ്ടു പണിഞ്ഞൊരു വീട്
സ്വർഗത്തിലിന്നില്ലേ? നിന്റെ
അമ്മയാം മേരിയും യൗസേഫുമിന്ന്
കൂട്ടിനിരിപ്പില്ലേ? നിന്റെ
കൂട്ടിനിരിപ്പില്ലേ?.....

*ജേക്കബ് കുര്യൻ (പിതാവ്)*
*മറിയാമ്മ ജേക്കബ് (മാതാവ്)*
*ജോ ജേക്കബ് (സഹോദരൻ)*
*ക്രിസ് അബ്രാം ജേക്കബ് (സഹോദരൻ)*
*മറിയാമ്മ കുര്യൻ (അമ്മച്ചി)*

Advt - S

## 3 – ാം ചരമ വാർഷികം

**08 – 12 – 2019**



# RAJU M.J

**Madathilparambil**
**Velloothuruthy**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ"

By Sorrowing Family

Advt - S

**11 – ാം ചരമവാർഷികം**
30 – 01 – 2020

**7 – ാം ചരമവാർഷികം**
07 – 12 – 2019





**P. I. ചാക്കോ (തങ്കച്ചൻ)** **ബിജു ചാക്കോ**

**കുന്നുംപുറത്ത്, ഇറഞ്ഞാൽ**

"കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R



# 17th Death Anniversary
27-12-2019

## Rev. Fr. Abraham Thomas
**Valiyaveettil Padickal,**
**Vallamkulam**

"ആചാര്യേശാ മശീഹാ കൂദാശകളർപ്പിച്ചോ–
രീയാചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

By Sorrowing Family

Advt - R

---

## 4 – ാം ചരമ വാർഷികം
12 – 12 – 2019



## Thankamma Ittiyavirah
**Vadakkemannil**
**Angady, Ranny**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

---

| 2 – ാം ചരമ വാർഷികം | 49 – ാം ചരമ വാർഷികം |
| --- | --- |
| 07 – 12 – 2019 | 18 – 01 – 2020 |
|  |  |
| **ചാച്ചിക്കുട്ടി ഉണ്ണിട്ടൻ** | **കെ. സി. ഉണ്ണിട്ടൻ** |

**കരിപ്പാലിൽ, തിരുവൻവണ്ടൂർ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

**മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ**

Advt - S

## 8 – ാം ചരമ വാർഷികം

5 – 12 – 2019



## മറിയാമ്മ ചാക്കോ

കോയിത്ര, കുറിച്ചി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 11th Death Anniversary

12- 12- 2019

## 6th Death Anniversary

26- 11- 2019



**Mathew Abraham**


**Chinnamma Abraham**

**Thundiparampil (Pallikkal)**
**Angadi, Ranni (U.S.A)**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R



## 2nd Death Anniversary

04 – 12 – 2019

## Kuriakose P. Joseph (Litty)

**Pattarumadathil**
**Kallissery**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

"Till we meet on that beautiful shore"

**Wife, Children and Grandchildren**

Advt - R

## 3 –ാം ചരമ വാർഷികം

21–12–2019



### തമ്പി തോമസ്

കുന്നശ്ശേരി, കോട്ടയം

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 8 –ാം ചരമ വാർഷികം

23–12–2019



### Vijaya Abraham

Vinod Bhavan
Vazhappally, Changanacherry

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

*പ്രാർത്ഥനയോടെ* Edwin Abraham (Son)

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R



## 50 –ാം ചരമ വാർഷികം

22–12–2019

### തകിടിയിൽ യാക്കോബ് കശ്ശീശാ

“ആചാര്യേശാ മശീഹാ കൂദാശകളർപ്പിച്ചോ–
രീയാചാര്യനേകുക പുണ്യം നാഥാ സ്തോത്രം”

Inserted by
**St. Mary's Shalem Church, Chingavanam**

Advt - R

28 – ാം ചരമ വാർഷികം

26 – 12 – 2019



Rev. Fr. P. I. Abraham

Parackamannil, Kattodu
(Rtd.Headmaster, National High school, Vallamkulam)

"ഞാൻ നല്ല പോർ പൊരുതു
ഓട്ടം തികച്ചു,
വിശ്വാസം കാത്തു,
നീതിയുടെ കിരീടം
എനിക്കായി വെച്ചിരിക്കുന്നു"

5 – ാം ചരമ വാർഷികം

7 – 01 – 2020



അച്ചാമ്മ ഏബ്രഹാം

പാറയ്ക്കാമണ്ണിൽ
(Boston USA)

"നിത്യതയുടെ തീരത്തു വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ കുടുംബാംഗങ്ങൾ"

Advt - O



സ്നേഹസ്മരണയ്ക്ക്

3 – ാം ചരമവാർഷികം

16 – 12 – 2019

രാജു മാത്യു

ആശാംപറമ്പിൽ

U.S.A

ഞാൻ നിങ്ങളിൽ നിന്നു അകന്നു പോയെങ്കിലും
എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടി
ഉണ്ടായിരിക്കും. സ്വർഗരാജ്യത്തിൽ നാം
ഒരുമിക്കുന്നതുവരെ നിങ്ങൾ
എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ....

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

15 – ാം
ചരമ വാർഷികം
19 – 12 – 2019

17 – ാം
ചരമവാർഷികം
21 – 09 – 2019





**എ. സി. തോമസ്** **മേരിക്കുട്ടി തോമസ്**

അമ്മനത്ത്, ആമല്ലൂർ
കറ്റോട്, തിരുവല്ല

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

---

8 – ാം ചരമവാർഷികം
01 – 01 – 2020



**തങ്കമ്മ ഏബ്രഹാം**

വള്ളംകുളത്തായ വേലുകിഴക്കേതിൽ
റാന്നി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

---

24 – ാം
ചരമ വാർഷികം
28 – 01 – 2020

3 – ാം
ചരമവാർഷികം
2 – 12 – 2019





**മറിയാമ്മ ഏബ്രഹാം** **എം. സി. കുരുവിള**

മുളന്താനം, ചിങ്ങവനം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

ഭാര്യ – അമ്മിണി കുരുവിള
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt -R

---

4th Death Anniversary
26 – 12 – 2019



**Kuruvilla Zachariah**
**(Renji)**

**Thamarappally, Kottayam**

Time rolls on, but memories linger......

By Sorrowing Family

Advt -R

## 2nd Death Anniversary

**17 - 01 - 2020**



# Thankamma Kuruvilla

**Kodinjoor Enclave**


**Kaviyoor, Thiruvalla**

By Sorrowing Family

Advt - O

## 1 – ാം ചരമവാർഷികം

**30 – 12 – 2019**



# ചാക്കോച്ചൻ

**ജോനകപറമ്പിൽ (മുളന്തുണ്ടിയിൽ), കുറിച്ചി**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 1 – ാം ചരമ വാർഷികം

**05 – 01 – 2020**



# എം. റ്റി. തോമസ്

**കൊച്ചുമാലത്തുശ്ശേരിൽ, ചിങ്ങവനം**

"മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്തു വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

**40th Day of Demise**
07 – 12 – 2019

**103rd Day of Demise**
07 – 12 – 2019



# P. J. Thomas    Elsy Thomas

**Purackal, Ranny**

**Condoled by**

Anu, Shoba, Minu, Denny, Jayan,
Tasmin, Tars, Karun, Kaniv

Advt - R

## 3 – ാം ചരമവാർഷികം

20 – 12 – 2019



Advt -S

## സുഭാഷ് ചാക്കോ

**പുതിയാപറമ്പിൽ, ചിങ്ങവനം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ...

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

27 – 11 – 2019



Advt - O

## തോമസ് മാത്യു

**മാമൂട്ടിൽ വീട്, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 – ാം ചരമവാർഷികം

18 – 12 – 2019



Advt -O

## ചിന്നമ്മ ഏബ്രഹാം

**ഇടയാടിയിൽ**
**പാവുക്കര, മാന്നാർ**

By Sorrowing Family

## 1 – ാം ചരമ വാർഷികം

03 – 12 – 2019



## ഹെലനിയാമ്മ ജേക്കബ്


**കണ്ണങ്കര, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 40 – ാം ചരമദിനം

19 – 12 – 2019



### വി. കെ. പുന്നൂസ് (തങ്കച്ചൻ)

**വിളയിൽ, റാന്നി**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 1st Death Anniversary

11 - 12 - 2019



### M. Mathew

**Eyomkalayil**

**Edasserimala, Aranmula**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 1 – ാം ചരമവാർഷികം

31 – 12 – 2019



### P. K. മാത്യു (മാത്തുക്കുട്ടി)

**പുന്നുച്ചേരിൽ**

**പാക്കിൽ, കോട്ടയം**

*ദുഃഖാർത്തരായ കുടുംബാംഗങ്ങൾ*

Advt -R

## 1 – ാം ചരമ വാർഷികം

21 – 12 – 2019



### Thankamma Abraham

**Thazhathe parayil**

**Vallamkulam**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ...

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S



# 40 – ാം ചരമദിനം

20 – 12 – 2019

## Evg. റ്റി. എം. ഇട്ടിയവിര (ബേബി)

**കലയിത്ര, കുറ്റൂർ**

ഞങ്ങളുടെ പപ്പായുടെ സംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയ ക്നാനായ സമുദായത്തിലെ അഭിവന്ദ്യ മെത്രാപോലീത്ത മാർ, മിഷൻ ഡയറക്ടർ ബഹു. ഡോ. എ. റ്റി. ഏബ്രഹാം ആലുംമൂട്ടിൽ, ബഹു. വൈദീക ശ്രേഷ്ഠർ, ക്നാനായ സുവിശേഷ സമാജം കേന്ദ്ര, മേഖലാ ഭാരവാഹികൾ, വനിതാസമാജം മേഖലാ, യൂണിറ്റ് ഭാരവാഹികൾ, കുറ്റൂർ സെന്റ് മേരീസ് യേരുശലേം ക്നാനായ പള്ളി വികാരി ബഹു. ജിനു കുരുവിള കിഴക്കേമുട്ടത്ത്, ട്രസ്റ്റി, സെക്രട്ടറി, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, നല്ലവരായ ഇടവകാംഗങ്ങൾ, രോഗാവസ്ഥയിൽ ആവശ്യമായ ശുശ്രൂഷകൾ നൽകിയ തിരുവല്ല ബിലിവേഴ്സ് ചർച്ച് ഹോസ്പിറ്റലിലെ ബഹു. ഡോക്ടേഴ്സ്, നേഴ്സ് എന്നിവരോടുള്ള ഞങ്ങളുടെ നന്ദി പ്രകാശിപ്പിക്കുന്നു.

എന്ന്
സന്തപ്ത കുടുംബാംഗങ്ങൾ

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

Advt -R



# 10th Death Anniversary

17 – 12 – 2019

## Abraham Lukose (Babu)

**Edavazhikal**
**Kottayam**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി ജീവിതത്തിന്റെ വെളിച്ചമായി എപ്പോഴും ഞങ്ങളുടെ ഹൃദയത്തിൽ ജീവിക്കുന്നു.

By Sorrowing Family

Advt - S

## 1st Death Anniversary

**28 - 12 - 2019**



# Baby Abraham

**Kunnuparampil**

**Veliyanadu**

Sorrowing Family

Advt - R

## 1 – ാം ചരമ വാർഷികം

**16 – 12 – 2019**



# ഷിബു ജേക്കബ്

**കല്ലേമണ്ണിൽ, പടിഞ്ഞാറ്റോതറ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 1 – ാം ചരമ വാർഷികം

**20 – 12 – 2019**



# ചിന്നമ്മ ഏബ്രഹാം

**ചെറുതറയിൽ**
**കവിയൂർ**

## 10 – ാം ചരമ വാർഷികം

**20 – 12 – 2019**



# സി. സി. ഏബ്രഹാം (കുഞ്ഞുമോൻ)

**പാലത്തിങ്കൽ, ചെറുകുളഞ്ഞി**
**റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

# റമൺ മാഗ്സസെ- ഏഷ്യയിലെ നൊബേലിന്റെ അടിസ്ഥാനശില

**എബി**

ഒരു സാധാരണ കൊല്ലന്റെ മകനായി ജനിച്ച് സ്വന്തം പരിശ്രമത്തിലൂടെ രാജ്യത്തിന്റെ പരമോന്നത പദവിയിലെത്തിയ മികച്ച ഭരണാധികാരിയാണ് ഫിലിപ്പിൻസിന്റെ ഏഴാമത്തെ പ്രസിഡണ്ടായിരുന്ന റമൺ മാഗ്സസെ. അദ്ദേഹത്തിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ പുരസ്ക്കാരമാണ് മാഗ്സസെ അവാർഡ്.

ലോകത്ത് ഏറ്റവുമധികം വിലമതിക്കപ്പെടുന്ന പുരസ്ക്കാരമാണ് നൊബേൽ സമ്മാനമെങ്കിൽ ഏഷ്യയിലെ തത്തുല്യമായ അവാർഡാണ് മാഗ്സസെ അവാർഡ്. മഹാനായ ശാസ്ത്രജ്ഞൻ ആൽഫ്രഡ് നൊബേൽ തന്റെ കണ്ടുപിടുത്തമായ 'ഡൈനാമിറ്റ്' ലോകത്തെ വിനാശത്തിലേക്ക് നയിക്കുമെന്നു ബോദ്ധ്യമായപ്പോൾ ഉണ്ടായ പശ്ചാത്താപമാണ് നൊബേൽ സമ്മാനത്തിന്റെ രൂപീകരണത്തിന് കാരണമായത്. എന്നാൽ റമൺ മാഗ്സസെ എന്ന ഭരണാധികാരിയുടെ ഭരണപാടവവും നിസ്വാർത്ഥ സേവനവും ലോകത്തിനു കാട്ടികൊടുക്കുക എന്ന ആശയമാണ് ഈ അവാർഡിന്റെ രൂപീകരണത്തിന് പ്രചോദനമായത്.



ഫിലിപ്പീൻസിലെ ഇബായിൽ ഒരു സാധാരണ ഇരുമ്പു പണിക്കാരന്റെ കുടുംബത്തിലാണ് 1907 ഓഗസ്റ്റ് 31 ന് മാഗ്സസെ ജനിച്ചത്. അച്ചൻ എക്സിക്വയൽ. അമ്മയുടെ പേര് പെർഫെക്ടാ എന്നാണ്. കൊല്ലന്റെ ആലയായിരുന്നു കുടുംബത്തിന്റെ ഉപജീവനമാർഗ്ഗം. ഗ്രാമത്തിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മെഗ്സസെ, റിസാലിലെ ജോസ് യൂണിവേഴ്സിറ്റിയിൽ ചേർന്നു പഠിച്ചു. 1944 ൽ മാഗ്സസെ ലൂസ് എന്ന പെൺകുട്ടിയെ വിവാഹം കഴിച്ചു. അവരുടെ ദാമ്പത്യത്തിൽ മൂന്ന് കുട്ടികൾ ജനിച്ചു. മാഗ്സസെ ജൂനിയർ എന്ന ആൺകുട്ടിയും, മിലാ, തെരസീറ്റ എന്ന പെൺകുട്ടികളും. രണ്ടാം ലോകമഹായുദ്ധം തുടങ്ങിയപ്പോൾ 1942 ൽ മാഗ്സസെ ഫിലിപ്പീൻ ആർമിയിൽ ചേർന്നു. 1945 ൽ യുദ്ധം അവസാനിക്കുന്നതുവരെ അദ്ദേഹം സൈന്യത്തിൽ തുടർന്നു. പിന്നീട് നാട്ടിൽ തിരിച്ചെത്തി രാഷ്ട്രീയ പ്രവർത്തനത്തിൽ മുഴുകി. 1953 ൽ നടന്ന തിരഞ്ഞെടുപ്പിൽ ഉജ്ജ്വലവിജയം നേടി പ്രസിഡന്റായി അധികാരമേറ്റു.

സാധാരണ ജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പല പദ്ധതികളും അദ്ദേഹം നടപ്പിലാക്കി. അതിൽ പ്രധാനപ്പെട്ടതാണ് (N.A.R.R.A.). National Resettlement and Rehabilitation Adminstration ഇതിനായി 65000 ഏക്കർ ഭൂമി അദ്ദേഹം വിനിയോഗിച്ച് 3000 പാവപ്പെട്ട കുടുംബങ്ങൾക്ക് പാർപ്പിടമുണ്ടാക്കി. ഇത് ജനപ്രീതി വളർത്തി. ദക്ഷിണേഷ്യൻ രാജ്യങ്ങൾക്കിടയിൽ ഐക്യമുണ്ടാക്കുന്നതിൽ പ്രധാന പങ്ക് അദ്ദേഹം വഹിച്ചു. 1954 ലെ 'മാനില പാക്ട്' ഏറെ അംഗീകാരം നേടി. അമേരിക്കയുമായി നല്ല ബന്ധം സ്ഥാപിച്ച് ശീതസമരകാലത്ത് കമ്മ്യൂണിസത്തെ അകറ്റി നിറുത്തി. ഇവയൊക്കെ അദ്ദേഹത്തിന്റെ ഭരണ നേട്ടങ്ങളായി കണക്കാക്കപ്പെടുന്നു. ഏഷ്യ കണ്ടത്തിൽ ഏറ്റവും മികച്ച ഭരണാധികാരി എന്ന നിലയിൽ പല പുരസ്ക്കാരങ്ങളും മാഗ്സസെയെ തേടിയെത്തി. 'Order of White Elephant' തായ്‌ലൻഡ് ഗവൺമെന്റിന്റെ വകയായും 'Grant Cross of Royal order' കംബോഡിയാ ഗവൺമെന്റിന്റെ വകയായും ലഭിച്ചു. 1958 മാർച്ച് 17 ന് 'ഗോൾഡൻ പാർട്ട് പ്രസിഡൻഷ്യൽ അവാർഡ്' അദ്ദേഹത്തിന്റെ മരണശേഷം സമ്മാനിക്കുകയുണ്ടായി.

1957 ഏപ്രിലിലാണ് റമൺ മാഗ്സസെയുടെ സ്മരണാർത്ഥം 'മാഗ്സസെ അവാർഡ്' സ്ഥാപിതമായത്. പ്രശസ്തി പത്രവും മാഗ്സസെയുടെ മുഖചിത്രമടങ്ങിയ മെഡലും 50000 ഡോളറും (ഏകദേശം 32 ലക്ഷം രൂപാ അടങ്ങിയതാണ് പുരസ്ക്കാരം. മാഗ്സസെയുടെ ജന്മദിനമായ ഓഗസ്റ്റ് 31 ന് മനിലയിൽ വച്ചാണ് സമ്മാനം നൽകുന്നത്.

എഷ്യാക്കാരെയും ഏഷ്യാ ആസ്ഥാനമായി പ്രവർത്തിക്കുന്ന വിദേശികളെയുമാണ് പുരസ്ക്കാരത്തിന് പരിഗണിക്കുന്നത്. 1958 ൽ ആദ്യപുരസ്ക്കാരം പ്രഖ്യാപിച്ചപ്പോൾ ഇൻഡ്യക്കാരനായ ആചാര്യ വിനോബഭാവെയ്ക്കാണ് അത് ലഭിച്ചത്. മദർ തെരേസ, ജയപ്രകാശ് നാരായൺ, കിരൺ ബേദി, റ്റി. എൻ. ശേഷൻ, സത്യജിത് റേ തുടങ്ങിയ പ്രമുഖ ഇന്ത്യാക്കാർ ഈ നേട്ടത്തിന് അർഹരായിട്ടുണ്ട്. ഇൻഡ്യയുടെ പരമോന്നത പുരസ്ക്കാരമായ 'ഭാരതരത്ന', ഏഷ്യയുടെ നൊബേലായി പരിഗണിക്കുന്ന 'മാഗ്സസെ അവാർഡ്', ലോകത്തിലെ ഏറ്റവും ഉന്നതവും മൂല്യമേറിയതുമായ 'നൊബേൽ സമ്മാനം' ഈ മൂന്നു ബഹുമതികളും കരസ്ഥമാക്കിയ ഒരേയൊരു ഇൻഡ്യക്കാരിയാണ് വിശുദ്ധ മദർ തെരേസാ.

'മാഗ്സസെ അവാർഡ്' നേടുന്ന ആദ്യ മലയാളി ഇൻഡ്യൻ ധവള വിപ്ലവത്തിന്റെ പിതാവ് വി. കുര്യനാണ്. പിന്നീട് ഹരിതവിപ്ലവത്തിൽ സ്വാമിനാഥനും, പത്രപ്രവർത്തനത്തിൽ ബി. ജി. വർഗ്ഗീസും, സർക്കാർ സേവന വിഭാഗത്തിൽ റ്റി. എൻ. ശേഷനും ഈ ബഹുമതിക്ക് അർഹരായിട്ടുണ്ട്. ലോകചരിത്രത്തിൽ അനശ്വരമായ തന്റെ കാല്പടുകൾ പതിപ്പിച്ച ഏഷ്യയിലെ ഏറ്റവും മികച്ച ആ ഭരണാധികാരി 1957 മാർച്ച് 17 ന് ഫിലിപ്പിൻസിലെ സെബു ദ്വീപിലുണ്ടായ വിമാനാപകടത്തിൽ മരിച്ചു.

# "ആത്മാവിന്റെ രക്ഷ ഉറപ്പാക്കാം"

**റ്റി. കെ. തോമസ്, തൈക്കുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ**

